

# ഫലഹാരിണി കാളി

**സ്വാമി നരസിംഹാനന്ദ,** *പത്രാധിപർ, പ്രബുദ്ധഭാരത ഇംഗ്ലീഷ് മാസിക*





**ഇ**ത് കാളിയെ കുറിച്ചും, നമ്മുടെ ജീവിതത്തിൽ കാളിയുടെ പ്രസക്തിയെയും പലഹാരിണി പൂജാദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ചുമൊക്കെയുള്ള ഒരു ചർച്ചയാണ്. അമാവാസിദിനത്തിൽ ആചരിക്കുന്ന ഇതിന് പ്രചാരം സിദ്ധിച്ചത് ശ്രീരാമകൃഷ്ണൻ തന്റെ ആത്മീയസാധനകളുടെയെല്ലാം ഫലം സഹധർമ്മിണിയായ ശ്രീ ശാരദാദേവിയുടെ പാദങ്ങളിൽ സമർപ്പിച്ച ദിവസമായതിനാലാണ്. ഫലഹാരിണി എന്ന വാക്കിന്റെ അർത്ഥം, 'നമ്മുടെ കർമ്മത്തിന്റെ ഫലം എടുത്തുകളയുന്നവൾ' എന്നാണ്. നമ്മൾ എപ്പോഴൊക്കെ എന്തെല്ലാം ചെയ്യുന്നുവോ, അത് നമ്മുടെ മനസ്സിൽ വാസനകളുടെ രൂപത്തിൽ ഒരു ഫലം ഉണ്ടാക്കുകയും ആ ഫലം മറ്റൊരു കർമ്മത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരാൾ എന്തെങ്കിലും നല്ലത് കേൾക്കുന്നുവെന്ന് കരുതുക, അത് മനസ്സിൽ നല്ല വാസന അവശേഷിപ്പിക്കുകയും അതൊരാളെ കൂടുതൽ നല്ല കാര്യങ്ങൾ കേൾക്കുന്നതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ ചാക്രികത നിങ്ങളെ ഈ ലോകത്തിലേക്കുതന്നെ വീണ്ടും വീണ്ടും കൊണ്ടുവരുന്നു, കാരണം, ഒരുവൻ തന്റെ മനോവാസനകളെ തീർക്കണം. ഫലഹാരിണി ഒരുവന്റെ കർമ്മഫലങ്ങളെല്ലാം എടുത്തുമാറ്റി ഈ വാസനകളെയെല്ലാം നീക്കം ചെയ്യുന്നു. ഹാരിണി എന്നാൽ എടുത്തുകളയുന്നവൾ എന്നാണ്. ഒരുവന് തുടർച്ചയായി കർമ്മങ്ങളുടെ ഫലങ്ങൾ കിട്ടുന്നതിനുള്ള കാരണം ഈ ചിന്തയാണ്: 'ഞാനാണ് കർമ്മങ്ങൾ ചെയ്യുന്നതും അത് അനുഭവിക്കുന്നതും'. ആത്മീയജീവിതത്തിന്റെ ലക്ഷ്യം ഈ ചിന്തയെ മാറ്റുന്നതാണ്. ഫലഹാരിണി കാളി ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നു.

ഈ ലോകത്തിലുള്ള നാമോരുരുത്തരും അവരവരുടെ കർമ്മങ്ങളുടെ വാസന സൃഷ്ടിക്കുകയും ആ വാസനകൾ കൂടു

**നമ്മൾ എപ്പോഴൊക്കെ എന്തെല്ലാം ചെയ്യുന്നുവോ, അത് നമ്മുടെ മനസ്സിൽ വാസനകളുടെ രൂപത്തിൽ ഒരു ഫലം ഉണ്ടാക്കുകയും ആ ഫലം മറ്റൊരു കർമ്മത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരാൾ എന്തെങ്കിലും നല്ലത് കേൾക്കുന്നുവെന്ന് കരുതുക, അത് മനസ്സിൽ നല്ല വാസന അവശേഷിപ്പിക്കുകയും അതൊരാളെ കൂടുതൽ നല്ല കാര്യങ്ങൾ കേൾക്കുന്നതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നു.**

തൽ കർമ്മങ്ങൾ ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നാം വീണ്ടും വീണ്ടും ഈ ലോകത്തിൽ വരുന്നത് അതുകൊണ്ടാണ്. ഞാനൊരു നല്ല കാര്യം ചെയ്താൽ അതെന്റെ മനസ്സിൽ നല്ലൊരു വാസന സൃഷ്ടിക്കുന്നു, അതിനെ സംസ്കാരം എന്നുവിളിക്കുന്നു- ഇതിനെ കർമ്മം അഥവാ കർമ്മഫലം എന്നും വിളിക്കുന്നു- അതെന്നെക്കൊണ്ട് വീണ്ടും നല്ല കർമ്മങ്ങൾ ചെയ്യിക്കുകയും ഇത് അവസാനം



കന്യാകുമാരീദേവി

**ശ്രീരാമകൃഷ്ണന്റെ ജീവിതത്തിൽ, കാളീദേവിയുമായി ശക്തമായൊരു ബന്ധം കാണാവുന്നതാണ്. പിന്നീട് ഇതേബന്ധം വിവേകാനന്ദനിലും നാം കാണുന്നു, മാത്രമല്ല അനേകം കാരണങ്ങളാൽ ശ്രീരാമകൃഷ്ണന് സ്വാമിജി കാളിയുടെ ദിവ്യത്വം സ്വീകരിക്കുന്നത് വളരെ പ്രധാനമായിരുന്നു. അതുകൊണ്ടാണ് സ്വാമിജി കാളിയുടെ ദിവ്യത്വം ഉൾക്കൊണ്ടപ്പോൾ അതിയായി ആഹ്ലാദിച്ചത്: അദ്ദേഹം കൈയടിച്ചു പാടി.**

ഞാനല്ല കർമ്മം ചെയ്യുന്നവൻ എന്ന് മനസ്സിലാക്കപ്പെടുന്നതുവരെ തുടരുകയും ചെയ്യുന്നു. കർത്തൃബോധം ഉണ്ടാകുന്നതുവരെ ഈ സംസ്കാരം അല്ലെങ്കിൽ കർമ്മഫലം ഉണ്ടായിക്കൊണ്ടിരിക്കും. കാളി - പ്രത്യേകിച്ച് ഫലഹാരിണി കാളീപൂജയുടെ പശ്ചാത്തലത്തിൽ- ഫലഹാരിണിയെന്നാണ് വിളിക്കപ്പെടുന്നത്, കാരണം അവൾക്ക് നമ്മുടെ ജീവിതത്തിലെ എല്ലാ കർമ്മങ്ങളെയും സംസ്കാരങ്ങളെയും നശിപ്പിക്കുന്നതിനുള്ള ശക്തിയുണ്ട്. നിങ്ങൾക്കും എനിക്കും ജനനമരണചക്രത്തിൽ നിന്നും മുക്തി നൽകുന്നതിനുള്ള ശക്തി അവൾക്കുണ്ട്, വന്നുംപോയിക്കൊണ്ടിരിക്കുന്ന ആവർത്തനങ്ങളിൽ നിന്നും. അതിനാൽ ശ്രീരാമകൃഷ്ണൻ തന്റെ ആത്മീയ തപസ്സിന്റെയെല്ലാം ഫലം ഫലഹാരിണി കാളീപൂജാദിനത്തിൽ, തന്റെ പത്നിയുടെ പാദങ്ങളിൽ സമർപ്പിച്ചത് തികച്ചും പ്രസക്തമാണ്.

ഇത് ആത്മീയചരിത്രത്തിൽ അർത്ഥപൂർണ്ണമെന്ന് മാത്രമല്ല, മുമ്പുണ്ടാകാത്തതും സമാനതകളില്ലാത്തതുമാണ്. ഏതെങ്കിലും ആത്മീയവ്യക്തിത്വമോ, പ്രവാചകനോ, ഒരു അവതാരമോ തന്റെ പത്നിക്ക് അവളുടെ മുന്നിൽ തന്റെ തപശ്ചര്യകളെയെല്ലാം സമർപ്പിക്കുന്നിടത്തോളം പ്രാധാന്യം നൽകിയിട്ടില്ല. ഇത് ഏതെങ്കിലും തരത്തിലുള്ള ഭൗതീകാതീതമോ അദ്ഭുതശക്തികളോ ഉള്ള ഒരു ഭാര്യയായിരുന്നില്ല, മാംസവും ശരീരവും ഉള്ള സാധാരണ ഭാര്യയെയായിരുന്നു

അദ്ദേഹം വിവാഹം കഴിച്ചത്; ഈ വ്യക്തിക്കാണ് തന്റെ ആത്മീയതപസ്സെല്ലാം അദ്ദേഹം സമർപ്പിച്ചത്.

ശ്രീരാമകൃഷ്ണന്റെ ജീവിതത്തിൽ, കാളീദേവിയുമായി ശക്തമായൊരു ബന്ധം കാണാവുന്നതാണ്. പിന്നീട് ഇതേബന്ധം വിവേകാനന്ദനിലും നാം കാണുന്നു, മാത്രമല്ല അനേകം കാരണങ്ങളാൽ ശ്രീരാമ

അഥവാ ഒരു ദേവതയുടെ രൂപത്തിന്, പ്രത്യേകിച്ച് ഒരു സ്ത്രീദേവതയുടെ രൂപത്തിന്, സ്ത്രൈണചാരുതയാണ് പരമ്പരാഗതമായി സങ്കല്പിക്കപ്പെട്ടു വരുന്നത്. നിങ്ങൾ ലക്ഷ്മി അല്ലെങ്കിൽ സരസ്വതിയുടെ രൂപങ്ങൾ എടുത്താൽ, അവരുടെ രൂപങ്ങളെല്ലാം ആകർഷകമാണ്. സ്ത്രീത്വത്തിന്റെയും സ്ത്രൈണചാരുതയുടെയും

ബന്ധപ്പെട്ട പരമ്പരാഗത വിശ്വാസങ്ങളിൽ, സ്ത്രീകൾ മൃദുഭാഷികളാകണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. സമൂഹം സ്ത്രീയെ കണക്കാക്കുന്നത് മൃദുശബ്ദം, മൃദുസൂചനകൾ, സൗന്ദര്യമായ ചര്യ എന്നിങ്ങനെയാണ്. എന്നാൽ കാളി നാക്ക് വായിൽ നിന്നും പുറത്തേക്കിട്ടവളാണ്. എപ്പോഴാണ് നിങ്ങൾ അങ്ങനെയൊരു



*കന്യാകുമാരീക്ഷേത്രം*

കൃഷ്ണന് സ്വാമിജി കാളിയുടെ ദിവ്യത്വം സ്വീകരിക്കുന്നത് വളരെ പ്രധാനമായിരുന്നു. അതുകൊണ്ടാണ് സ്വാമിജി കാളിയുടെ ദിവ്യത്വം ഉൾക്കൊണ്ടപ്പോൾ അതിയായി ആഹ്ലാദിച്ചത്: അദ്ദേഹം കൈയടിച്ചു പാടി.

**സ്ത്രൈണചാരുതയുമായി ബന്ധപ്പെട്ട പരമ്പരാഗത വിശ്വാസങ്ങളിൽ, സ്ത്രീകൾ മൃദുഭാഷികളാകണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. സമൂഹം സ്ത്രീയെ കണക്കാക്കുന്നത് മൃദുശബ്ദം, മൃദുസൂചനകൾ, സൗന്ദര്യമായ ചര്യ എന്നിങ്ങനെയാണ്. എന്നാൽ കാളി നാക്ക് വായിൽ നിന്നും പുറത്തേക്കിട്ടവളാണ്.**

**കാളിയുടെ രൂപം**

എന്താണ് കാളിയുടെ പൊതുവായുള്ള രൂപം? പൂർണ്ണമായും കറുപ്പ് നിറമാർന്ന ഒരു ദേവതയാണ് കാളി. കറുത്ത നിറത്തേക്കാൾ കറുത്തവളെന്നുമുള്ള സ്തോത്രങ്ങൾ ഉണ്ട്. അവൾ ഇരുണ്ട കറുപ്പുനിറമുള്ളവളാണ്. സംസ്കൃതത്തിൽ ദൈവീകതയെ കുറിക്കുന്ന വാക്ക്, ദേവത അല്ലെങ്കിൽ ദേവി ഉണ്ടായത് ദിവ് എന്ന ധാതുവിൽ നിന്നാണ്, അതിന്റെ അർത്ഥം പ്രകാശം എന്നാണ്. മിക്ക ദേവന്മാരും ദേവിമാരും വളരെ ഭംഗിയുള്ളവരായിരിക്കുന്നതിന് കാരണം ഇതാണ്. എന്നാൽ ഇവിടെ ഒരു ദേവത, വളരെ കറുത്തവൾ. എത്രയും നല്ല ഗ്രനൈറ്റിലും മാർബിളിലും നിങ്ങൾക്ക് കാളിയുടെ പ്രതിമ ഉണ്ടാക്കാം, പക്ഷെ അത് കറുപ്പായിരിക്കണം. സ്ത്രീകളുടെ രൂപത്തിന് പൂർണ്ണത. മാത്രമല്ല സ്ത്രൈണചാരുതയുടെ കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ് വസ്ത്രം. അതുകൊണ്ടാണ് പണ്ട് രാജ്ഞിമാരും ഇന്നും സമൂഹരാജ്ഞിമാരും വസ്ത്രത്തിന് പ്രാധാന്യം നൽകിയതും നൽകുന്നതും. പക്ഷെ, കാളി ഒന്നും തന്നെ ധരിക്കുന്നില്ല. അവൾ തികച്ചും നഗ്നയാണ്. അവൾ പൂർണ്ണമായും നഗ്നയാണ്. ആദ്യം, അവൾ ഇരുണ്ട നിറം കൊണ്ട് യാഥാസ്ഥിതിക സൗന്ദര്യബോധത്തെ പ്രഹരിക്കുകയും രണ്ടാമത്, സ്ത്രൈണചാരുതയെ കുറിച്ചുള്ള പരമ്പരാഗത സങ്കല്പത്തെ പൂർണ്ണനഗ്നയായി അടിക്കുകയും ചെയ്യുന്നു.

സ്ത്രൈണചാരുതയുമായി കാര്യം ചെയ്യുക? ആരെയെങ്കിലും നിങ്ങൾക്ക് അധിക്ഷേപിക്കണമെന്ന് തോന്നുമ്പോഴോ ചപലവികാരംകൊള്ളുമ്പോഴോ, ഒരാളെ പരിഹസിക്കാൻ വേണ്ടിയോ. ഈ കർമ്മങ്ങളൊന്നും സമൂഹത്തിൽ മാന്യമായി കരുതുന്നില്ല. എന്തുകൊണ്ട് കാളി നാക്ക് പുറത്തേക്കിടുന്നുവെന്നതിന് നിരവധി വ്യാഖ്യാനങ്ങളുണ്ട്, എന്നാൽ കറുത്തതും നഗ്നവുമായ ഒരു ദേവീരൂപം നാവ് പുറത്തേക്ക് നീട്ടിയിരിക്കുന്നത് തികച്ചും ഞെട്ടലുളവാക്കുന്നതാണ്.

എന്നാൽ ഈ ഞെട്ടൽ ഇവിടെ തീരുന്നില്ല. അവൾ ശിരസ്സുകളുടെ മാലയണിഞ്ഞിരിക്കുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട മറ്റൊരു

പൊതുകാര്യം ആഭരണങ്ങളാണ്. ശ്രീ ശാരദാദേവിക്ക് വിവാഹസമയത്ത് കുറച്ച് ആഭരണങ്ങൾ നൽകിയിരുന്നുവെങ്കിലും വിവാഹശേഷം ആഭരണങ്ങളെല്ലാം ഒഴിവാക്കിയതായി നമുക്ക് അറിയാം, മാത്രമല്ല, ശ്രീരാമകൃഷ്ണൻ കളിയായി ഇപ്പോൾ വധുവിന്റെ കുടുംബത്തിന് ഒന്നും ചെയ്യാൻ കഴിയില്ല; വിവാഹം കഴിഞ്ഞല്ലോ എന്ന് പരാമർശിക്കുകയും ചെയ്തിരുന്നു. ഇന്നത്തെ കാലത്ത് ഇങ്ങനെയൊരു സംഭവത്തെ നിസ്സാരമായി കാണാനാവില്ല. എന്നാൽ ഇത് വളരെ മുമ്പത്തെ കാലത്താണ് സംഭവിച്ചതെന്നോർക്കണം. പില്ക്കാലത്ത്, ശ്രീരാമകൃഷ്ണൻ ശ്രീശാരദാദേവിക്ക് കുറച്ച് ആഭരണങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട് കാരണം സ്ത്രീകൾ ആഭരണങ്ങൾ ഇഷ്ടപ്പെടുന്നുവെന്ന് അദ്ദേഹം പറയുന്നുണ്ട്. ഇന്നും സ്ത്രീകൾ ആഭരണങ്ങൾ ഇഷ്ടപ്പെടുന്നു, ആഭരണങ്ങളുടെ രൂപം മാറിയിട്ടുണ്ടാവാം. ഇന്നത്തെ സ്ത്രീകൾക്ക് സ്വർണ്ണാഭരണങ്ങളോട് അതേ ഇഷ്ടം ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നാൽ ഇന്നത്തെ കാലത്ത് നഖത്തിൽ ധരിക്കുന്നതായ ആഭരണങ്ങൾ പോലുമുണ്ട്. എന്തായാലും സ്ത്രീകൾ എപ്പോഴും ആഭരണങ്ങൾ ഇഷ്ടപ്പെടുന്നു. പുരുഷന്മാരും ശരീരാലങ്കാരങ്ങളെ ഇഷ്ടപ്പെടുന്നു, പക്ഷെ അവയെ സമൂഹം പൊതുവെ ആഭരണമായി കാണാറില്ല.

ഇതാണ് സ്ത്രീത്വത്തെ കുറിച്ചുള്ള പരമ്പരാഗത സങ്കല്പം. അതുകൊണ്ടാണ് ലക്ഷ്മീദേവിയും സരസ്വതിയും മൂക്കുത്തിയും കമ്മലും പോലുള്ള ആഭരണങ്ങളണിഞ്ഞിരിക്കുന്നത്. തമിഴ്നാട്ടിലെ കന്യാകുമാരിയിലെ കന്യകാദേവീക്ഷേത്രത്തിൽ, മുഖ്യവിഗ്രഹത്തിന്റെ എത്രതന്നെ ദൂരെ നിൽക്കുന്നൊരാൾക്കുപോലും വിഗ്രഹത്തിന്റെ നാസികയിൽ നിന്നും ഒരു പ്രകാശധാര ഒഴുകിവരുന്നത് കാണാം. ഇതൊരു ദീപമല്ല, വെളിച്ചംപോലെ ശക്തമായ കിരണങ്ങൾ പ്രസരിപ്പിക്കുന്ന രത്നം പതിച്ച മൂക്കുത്തിയാണ്. പണ്ടുകാലത്ത് ഇങ്ങനെ ഐതിഹ്യമുണ്ട്. ക്ഷേത്രം പൂർണ്ണമായും മറയ്ക്കപ്പെടുന്നതിന് മുമ്പ് വിഗ്രഹം തുറസ്സായിരുന്നു, ദേവതയുടെ മൂക്കുത്തിയിൽ നിന്നുള്ള വെളിച്ചം കണ്ടാണ് നാവികർ കപ്പലുകളെ ഗതിതിരിച്ചിരുന്നതത്രെ. അതൊരു ലൈറ്റ്ഹൗസായി പ്രവർത്തിച്ചിരുന്നു.

അതിനാൽ, ഏത് സ്ത്രീരൂപവും ഏതെങ്കിലും ആഭരണങ്ങളുമായി



**ഏത് സ്ത്രീരൂപവും ഏതെങ്കിലും ആഭരണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ കാളീരൂപം ശിരസ്സിനെ മാലയാക്കിയാണ് ആഭരണമണിഞ്ഞിരിക്കുന്നത്; വെറും ശിരസ്സുകളുടെ മാലയല്ല, വിരലുകളുടെ മാലയും. ഒരാളുടെ വന്യമായ ഭാവനയിൽ പോലും പരിഗണിക്കപ്പെടാത്തതാണ് അവൾ ആഭരണമായണിഞ്ഞിരിക്കുന്നത്. നമ്മുടെ ഔചിത്യ ബോധത്തിനും സൗന്ദര്യ ബോധത്തിനും തികച്ചും വിരുദ്ധമാണിത്.**

ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ കാളീരൂപം ശിരസ്സിനെ മാലയാക്കിയാണ് ആഭരണമണിഞ്ഞിരിക്കുന്നത്; വെറും ശിരസ്സുകളുടെ മാലയല്ല, വിരലുകളുടെ മാലയും. ഒരാളുടെ വന്യമായ ഭാവനയിൽ പോലും പരിഗണിക്കപ്പെടാത്തതാണ് അവൾ ആഭരണമായണിഞ്ഞിരിക്കുന്നത്. നമ്മുടെ ഔചിത്യബോധത്തിനും സൗന്ദര്യബോധത്തിനും തികച്ചും വിരുദ്ധമാണിത്. കൂടുതൽ പേരും, സ്ത്രീസൗന്ദര്യത്തെ കുറിച്ചുള്ള പരമ്പരാഗത സങ്കല്പമുള്ളവർ– ഗ്രീക്ക് അഥവാ യൂറോപ്യൻ ദേവതാസങ്കല്പമുള്ളവരോ കാളീരൂപത്തെ കുറിച്ച് പരിചയമില്ലാത്ത ദേശത്തുനിന്നുമുള്ളവരോ – ആദ്യമായി കാളീരൂപത്തെ കാണുമ്പോൾ വലിയ ഞെട്ടലുണ്ടാകും. അവർ പൂർണ്ണമായും ഞെട്ടിപ്പോകും

കാരണം അവരാരും ഇതുപോലൊരു ദേവതയെ ഒരിക്കലും കണ്ടിട്ടില്ല: നഗ്നയായ കറുത്ത സ്ത്രീ, പുറത്തേക്ക് തള്ളിനിൽക്കുന്ന അവളുടെ നാവ്, തലയോട്ടിയുടെ മാല. തീർച്ചയായും ഇതിവിടെ അവസാനിക്കുന്നില്ല. എല്ലാതിനും ഉപരിയായി, ഇതിനെ കൂടുതൽ വിഷയമാക്കുന്നത് അവൾ ശിവന്റെ നെഞ്ചിലാണ് നിൽക്കുന്നതെന്നതാണ്. ഇവിടെ ആ സ്ത്രീരൂപം പുരുഷന്റെ മേലാണ് നിൽക്കുന്നത്. സൗന്ദര്യത്തെയും സ്ത്രീത്വത്തെയും കുറിച്ചുള്ള എല്ലാ യാഥാസ്ഥിതിക ആശയങ്ങൾക്കും ഏറ്റവും വലിയ പ്രഹരമാണിത്. കാളിയുടെ ഈ വശങ്ങൾക്കെല്ലാം വളരെ മഹത്തായ അർത്ഥങ്ങളും പ്രസക്തിയും ഉണ്ട്. നാം പൊതുവെ കാളിയുടെ രൂപത്തെ ഈ കാഴ്ചപ്പാടിൽ കാണാറില്ല. നാം ഭൂരിഭാഗം പേരും വെറുതെ അവളുടെ പ്രതിമക്ക് മുന്നിൽ ചെന്ന് ഇങ്ങനെ പറയും: 'ദയവായി എന്നെ രക്ഷിക്കൂ'. നാം ഭയത്തോടെയാണ് പ്രാർത്ഥിക്കുന്നത്.

കാളിയുടെ പ്രതിമാനിർമ്മാണശാസ്ത്രത്തിനും ലക്ഷണശാസ്ത്രത്തിനും വലിയൊരു പ്രാധാന്യമുണ്ട്. പുരുഷരൂപത്തിന്റെ മേലുള്ള സ്ത്രീരൂപത്തിന് പ്രത്യേകമായ പ്രാധാന്യമുണ്ട്. ഭഗവാൻ നരസിംഹദേവന്റെ കാര്യത്തിൽ, ലക്ഷ്മീദേവി മടിത്തട്ടിലാണ് ഇരിക്കുന്നത്. ഭഗവാൻ വിഷ്ണുവിന്റെ കാര്യത്തിൽ, ലക്ഷ്മീദേവി ഇരിക്കുന്നത് പാദങ്ങളിലാണ്. കാളിയല്ലാതെ മറ്റൊരു സ്ത്രീരൂപവും പുരുഷനു മേൽ നിൽക്കുന്നതായി നാം കണ്ടിട്ടില്ല. മാത്രമല്ല, ആരാണീ പുരുഷദേവത? ശിവൻ, ഭിക്ഷു. ഭഗവാനൊരു സാധുവാണ്. ശിവൻ സന്യാസിമാരുടെയും ദേവനാണ്.


*ശ്രീശാരദാദേവി*



**കാളിയുടെ ഈ രൂപം ഉദ്ഭവിച്ചതെങ്ങനെ? ഈ രൂപം പ്രാചീന വൈദികകാലത്തിനു ശേഷം ഉദ്ഭവിച്ചിരിക്കാനാണ് ഏറെ സാധ്യത. പ്രാചീനവേദകാലത്ത് ഇത് ഉണ്ടായിരുന്നില്ല. പ്രാചീനവേദകാലത്തിനു ശേഷമാണ് ഇത് ഇന്നത്തെ രൂപത്തിൽ ഉണ്ടാവുന്നത്. നമുക്കെല്ലാം അറിയാം, ഇത് വേദങ്ങളിൽ അത്ര സുനിശ്ചിതമായി കാണുന്നില്ല. എങ്കിലും കാളിയെ പരാമർശിക്കുന്ന അല്പം ചില കൂട്ടിച്ചേർക്കലുകൾ വേദങ്ങളിൽ കണ്ടെത്താനാവും.**

ലൗകികപരിത്യാഗത്തിന്റെ സോദാഹരണമായിരുന്നു ഭഗവാന്റെ വിവാഹം. കാരണം എവിടെ താമസിക്കുന്നുവെന്നത് ഭഗവാനെ അലട്ടിയിരുന്നില്ല, എന്താണ് കഴിക്കുന്നതെന്നത് ഭഗവാനെ വിഷമിപ്പിച്ചിരുന്നില്ല, എന്താണ് ധരിക്കുന്നതെന്നതും ഭഗവാനെ അലട്ടിയിരുന്നില്ല, മാത്രമല്ല, ഭഗവാനെപ്പോഴും പരമാനന്ദത്തിലായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം സന്യാസിമാരുടെ ഈശ്വരനായിരിക്കുന്നത്. സനാതനധർമ്മത്തിൽ, എല്ലാതിനും



തന്നെ ദിവ്യത്വം കല്പിക്കപ്പെട്ടിരിക്കുന്നു. ദൈവികതയെ ഒരിക്കലും സനാതനധർമ്മം വിഭജിച്ചുകാണുന്നില്ല, എന്താണ് ദൈവികതയുടെ വിഭജനം അഥവാ ദൈവികതയുടെ ഇരട്ടിപ്പ്? ഇവിടെ ചിലത് ദൈവീകമെന്നും ചിലത് അദൈവീകമെന്നുമുള്ള വിശ്വാസമാണ് ഇത്. ഒരു ദൈവമുണ്ടെന്നും ഒരു ചെകുത്താനുണ്ടെന്നുമുള്ള വിശ്വാസം. ഇവിടെ നാം കാണുന്ന രൂപങ്ങളെല്ലാം തന്നെ ഒരേ ഏകദൈവസങ്കല്പത്തിന്റെ രൂപാന്തരങ്ങളാണെന്ന് സനാതനധർമ്മപരമ്പരകളെല്ലാം വിശ്വസിക്കുന്നു. അതിനാൽതന്നെ കാളിയെ ആരാധിക്കുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ല. കാരണം സനാതനധർമ്മം നാശത്തെയും മരണത്തെയും ദൈവീകവല്ക്കരിച്ചിരിക്കുന്നു. ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ, കാളിയാരാധന ഗൃഹസ്ഥർക്ക് നിഷിദ്ധമാണ്. ഇന്ത്യയിലെ മറ്റുചില പ്രദേശങ്ങളിൽ, നിരവധി വീടുകളിൽ കാളി നിത്യവും പൂജിക്കപ്പെടുന്നു. ഛിന്നമസ്തയുടെ ആരാധനയിലും ഇതുതന്നെ. ഭയാനകതയുടെ ദൈവീകരണമാണ് കാളി. 'കാളി' എന്ന വാക്കിനുപോലും ഭയങ്കരി എന്ന അർത്ഥമുണ്ട്. കാളി ഭയത്തിന്റെയോ ഭീതിയുടെയോ അവതാരമാണ്.

### കാളിയും തന്ത്രവും

കാളിയുടെ ഈ രൂപം ഉദ്ഭവിച്ചതെങ്ങനെ? ഈ രൂപം പ്രാചീനവൈദികകാലത്തിനു ശേഷം ഉദ്ഭവിച്ചിരിക്കാനാണ് ഏറെ സാധ്യത. പ്രാചീനവേദകാലത്ത് ഇത് ഉണ്ടായിരുന്നില്ല. പ്രാചീനവേദകാലത്തിനു ശേഷമാണ് ഇത് ഇന്നത്തെ രൂപത്തിൽ ഉണ്ടാവുന്നത്. നമുക്കെല്ലാം അറിയാം, ഇത് വേദങ്ങളിൽ അത്ര സുനിശ്ചിതമായി കാണുന്നില്ല. എങ്കിലും കാളിയെ പരാമർശിക്കുന്ന അല്പം ചില കൂട്ടിച്ചേർക്കലുകൾ വേദങ്ങളിൽ കണ്ടെത്താനാവും. എന്നാൽ, ദേവീരൂപം വേദങ്ങളിൽ അത്ര അന്യമായിരുന്നുമില്ല; വേദങ്ങൾ മുഴുവനും നാം ദേവീ ഉപാസന കാണുന്നു. പക്ഷെ കാളീരൂപത്തെ വേദങ്ങളിൽ വ്യക്തമായി കാണാനാവുന്നില്ല. കാളി ഇന്ത്യയിൽ ഉദ്ഭവിക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രചരിക്കുകയും ചെയ്തു. ബുദ്ധമതവും ഈ രൂപം സ്വീകരിച്ചു. കാളി ബുദ്ധമതത്തിലേക്ക് പോയി വ്യത്യസ്ത രൂപത്തോടെ ഇന്ത്യയിലേക്ക് തിരിച്ചുവന്നു. വജ്രദേവിയെ പോലൊരു ബുദ്ധദേവതയായി.

തന്ത്രവുമായി ബന്ധപ്പെട്ട പ്രധാന രൂപങ്ങളിലൊന്നായ ദേവതയാണ് കാളി. കാളിയുമായി ബന്ധപ്പെട്ട് ധാരാളം സന്ദേഹങ്ങൾ നിലവിലുണ്ട്. ഇന്ന് തന്ത്രം ഭോഗത്തിൽ മുഴുകുന്നതിനുള്ള സ്വാതന്ത്ര്യമായിട്ടാണ് കരുതപ്പെടുന്നതെങ്കിലും തന്ത്രം അങ്ങനെയുള്ളതല്ല. തന്ത്രം മാനുഷിക ദുർബലതകളെ ഈശ്വരനിലേക്ക് നയിച്ചുകൊണ്ട് വഴികാട്ടുകയാണ്. ശ്രീരാമകൃഷ്ണൻ പറയാറുണ്ട് നിങ്ങൾ കരയാൻ ആഗ്രഹിക്കുമ്പോൾ ഈശ്വരനുവേണ്ടി കരയുക; നിങ്ങൾ എന്തിനെങ്കിലും വേണ്ടി കാമിക്കുമ്പോൾ, ഈശ്വരനെ കാമിക്കുക; നിങ്ങൾ പ്രേമിക്കാൻ ആഗ്ര

**തന്ത്രവുമായി ബന്ധപ്പെട്ട പ്രധാന രൂപങ്ങളിലൊന്നായ ദേവതയാണ് കാളി. കാളിയുമായി ബന്ധപ്പെട്ട് ധാരാളം സന്ദേഹങ്ങൾ നിലവിലുണ്ട്. ഇന്ന് തന്ത്രം ഭോഗത്തിൽ മുഴുകുന്നതിനുള്ള സ്വാതന്ത്ര്യമായിട്ടാണ് കരുതപ്പെടുന്നതെങ്കിലും തന്ത്രം അങ്ങനെയുള്ളതല്ല. തന്ത്രം മാനുഷിക ദുർബലതകളെ ഈശ്വരനിലേക്ക് നയിച്ചുകൊണ്ട് വഴികാട്ടുകയാണ്.**





ഹിക്കുമ്പോൾ, ഈശ്വരനെ പ്രേമിക്കുക. നിങ്ങളുടെ ചോദനകളെയും വാസനകളെയും ഈശ്വരനിലേക്ക് ഗതിതിരിച്ചുവിടുകയോ നയിക്കുകയോ ചെയ്യുക. അതാണ് തന്ത്രം. തന്ത്രത്തിന് നിരവധി വഴികളുണ്ട്, എന്നാൽ എല്ലാ വഴികളുടെയും ലക്ഷ്യം കാമനകളെയെല്ലാം ഈശ്വരനിലേക്ക് നയിക്കുകയെന്നതാണ്. തന്ത്രത്തിന്റെ അടിസ്ഥാനതത്ത്വം കാമനകളുടെ ദൈവീകവത്കരണമാണ്-വ്യത്യസ്തമായൊരു വഴിയാണെങ്കിലും-കാമനകൾക്ക് നിന്നുകൊടുത്തുകൊണ്ടല്ല, മറിച്ച് അവയെ ദുർബലപ്പെടുത്തിക്കൊണ്ട്, ദൈവീകവത്ക്കരിച്ചുകൊണ്ട്.

കാമനകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്. നിങ്ങൾ ഈ കാമനയെ ദൈവീകമായ ഒന്നിലേക്ക്, ദിവ്യത്വത്തിലേക്ക്, ഉത്കൃഷ്ടമായ ഒന്നിലേക്ക്, നിങ്ങളെ ധാർമ്മികതയിലേക്ക്



ഉയർത്തുന്ന ഒന്നിലേക്ക് നയിക്കുക. അതാണ് തന്ത്രം. എന്നാൽ ഇന്ന് ആളുകളെന്താണ് ചെയ്യുന്നത്? അവർ കാമനകളെ മുറുകെ പിടിക്കുകയും കാമനകളുടെ തലത്തിലേക്ക് സ്വയം താഴുകയും ചെയ്യുന്നു, ശരീരത്തിന്റെ തലത്തിലേക്ക്. അത് തന്ത്രമല്ല. താന്ത്രികപരിശീലനങ്ങളിൽ പ്രധാനമായൊരു ദേവതയാണ് കാളി. കാളി കൊള്ളക്കാരുടെയും ദേവതയാണ്. ഇന്ത്യയിലെ കൊള്ളക്കാരെ കുറിച്ച് നിരവധി സാഹിത്യങ്ങൾ ഉണ്ട്, പ്രത്യേകിച്ച് കോളനിക്കാലത്തെ അഥവാ ബ്രിട്ടീഷ്കാലത്തെ. ധാരാളം ബ്രിട്ടീഷ് ചരിത്രകാരന്മാർ ഇന്ത്യൻ കൊള്ളക്കാരെ കുറിച്ച് പുസ്തകങ്ങളെഴുതിയിട്ടുണ്ട്. അവരെയൊരു പ്രത്യേകം വർഗ്ഗം ജനതയായാണ് പരിഗണിച്ചിരുന്നത്, മുഖ്യമായും കൊള്ളസംഘങ്ങൾ, അവർ ഇന്ത്യയിൽ ജീവിച്ചിരുന്നു, കാളിയെ ആരാധിച്ചിരുന്നു. ഒരിക്കൽ ശ്രീ ശാരദാദേവി ഒരു സംഘം കൊള്ളക്കാർ കാളിയെ ആരാധിക്കുന്നത് കാണാനിടയായി.

കാളി ബ്രാഹ്മണേതര ദേവതയായിട്ടാണ് കാണപ്പെടുന്നത്. പുരിയിലെ ജഗന്നാഥഭഗവാൻ ജനസാമാന്യത്തിന്റെ ദേവതയായിരിക്കുന്നതുപോലെ അവൾ സാധാരണക്കാരന്റെ ദേവതയാണ്. ഇന്ത്യയിലെ മിക്ക സ്ഥലങ്ങളിലും- ചുരുക്കം ചില സ്ഥലങ്ങളിലൊഴികെ, പ്രത്യേകിച്ച് തെക്കൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കേരളം, തമിഴ്നാട്, കർണാടക- ആർക്കും ശിവക്ഷേത്രത്തിൽ പോകാൻ കഴിയുമെന്നു മാത്രമല്ല ശിവലിംഗത്തെ ആലിംഗനം ചെയ്യാൻ പോലുമാവും. അത് മറ്റുദേവന്മാരുടെയും ദേവതമാരുടെയും കാര്യത്തിൽ സാധ്യമല്ല. കാളി സാധാരണക്കാർക്കുവേണ്ടിയുള്ള ദേവതയായിട്ടാണ് പ്രത്യക്ഷമായിരിക്കുന്നത്, താഴ്ന്ന വിഭാഗത്തിൽ പെട്ടവരാണെന്ന് കരുതപ്പെടുകയും ക്ഷേത്രപ്രവേശനവിലക്ക് നേരിടുകയും ചെയ്യുന്നവർ. ഇന്നുപോലും, ഇന്ത്യയുടെ നിരവധി ഭാഗങ്ങളിൽ, ദേവന്മാരെയോ ദേവതമാരെയോ ആരാധിക്കുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം കാളിയുണ്ട്, ആർക്കും അവളെ ആരാധിക്കാം.

കാളി നിരവധി രൂപങ്ങളിലായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ പല ഭാഗങ്ങളിലും കാളിയുടെ രൂപം പ്രാദേശികജനതയുടെ മാനസികനിലയ്ക്കൊപ്പം നല്ല രീതിയിൽ ഒത്തുപോകുന്നില്ല. അവർക്ക് നഗ്നയായ ഒരു സ്ത്രീദേവതയെ, ദൈവീക സ്ത്രീരൂപത്തെ ഉൾക്കൊള്ളാനാവാത്തതിനാൽ അവർ വസ്ത്രം ധരിപ്പിക്കുകയും അവളുടെ പേര് മാറ്റുകയും ചെയ്തിരിക്കുന്നു. അതിനാൽ, കാളിയോട് സാദൃശ്യമുള്ള സ്ത്രീദേവതകളെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നമുക്ക് കാണാം, എന്നാൽ അവരെല്ലാം നന്നായി വസ്ത്രം ധരിപ്പിക്കപ്പെട്ടിട്ടുള്ളതും, സ്ത്രീദൈവികതയെ സൗമ്യപ്പെടുത്തുവാനും മെരുക്കിയെടുക്കാനും ഒരുപാട് പ്രയത്നങ്ങൾ നടത്തപ്പെട്ടിട്ടുള്ളതുമാണ്!

**ശ്രീരാമകൃഷ്ണനും കാളിയും**

കാളിക്കു രൂപത്തിലും ആവിർഭാവത്തിലും സ്പഷ്ടമായ സ്ത്രീപക്ഷ അടിത്തറയുണ്ട്. അതുകൊണ്ടാണ് ശ്രീരാമകൃഷ്ണൻ തന്റെ മുഖ്യദേവതയായി കാളിയെ തെരഞ്ഞെടുത്തത്, അതുകൊണ്ടാണ് ഈ കലിയുഗത്തിലെ തന്റെ സാധനാകേന്ദ്രമായി ദക്ഷിണേശ്വരത്തെ ക്ഷേത്രം തെരഞ്ഞെടുത്തത്, ഇതിനെല്ലാം അർത്ഥവും വിവക്ഷയുമുണ്ട്. ദക്ഷിണേശ്വരത്തെ ഭവതാരിണി ക്ഷേത്രം നിർമ്മിച്ചത് റാണി രാസമണിയാണ്, അവർ അരയസമുദായക്കാരിയായിരുന്നു, അവർക്ക് ക്ഷേത്രത്തിൽ ദേവിയെ ആരാധിക്കുവാൻ കഴിയുമായിരുന്നില്ല. ഒരു അരയസമുദായക്കാരി ഉന്നതസമ്പ്രദായത്തിലുള്ള ഒരു ബ്രാഹ്മണനെ, ഈശ്വരാവതാരമായ ബ്രാഹ്മണനെ, തന്റെ ക്ഷേത്രത്തിലേക്ക് പൂജാരിയായി കൊണ്ടുവന്നു. മാതൃആരാധനയുടെ കാലമായ് ഇക്കാലത്തെ പ്രതിഷ്ഠിക്കാൻ ശ്രീരാമകൃഷ്ണൻ നടപ്പിലാക്കിയ വിവിധ കർമ്മങ്ങളിലൊന്നാണിത്. റാണി രാസമണി മഹാവനിതയും വലിയൊരു ഭരണകർത്താവുമായിരുന്നു. ഇന്നും കൊൽക്കത്തയിൽ റാണി



**ശ്രീരാമകൃഷ്ണൻ എന്തുകൊണ്ടാണ് ദക്ഷിണേശ്വരിലെ കാളീക്ഷേത്രത്തെ തന്റെ സാധനക്ക് തെരഞ്ഞെടുത്തതെന്നതിനെ കുറിച്ച് നിരവധി സിദ്ധാന്തങ്ങളും, നിഗമനങ്ങളും, അനുമാനങ്ങളും നിലവിലുള്ളപ്പോൾ, തന്റെ സന്യാസിസഹോദരന്മാരിലൊരാൾ വശം ഒരാൾ നൽകിയ പരാതിക്ക് മറുപടിയായി സ്വാമിജി അയച്ച കത്തിൽ നിന്നും നമുക്ക് കൃത്യമായ ഉത്തരം ലഭിക്കുന്നു.**


രാസമണി എസ്റ്റേറ്റിന്റെതായി വലിയ വസ്തുവഹകളുണ്ട്. റാണി രാസമണിയുടെ കഴിവിന്റെയും അധികാരത്തിന്റെയും വലിയൊരു തെളിവാണിത്.

ശ്രീരാമകൃഷ്ണൻ എന്തുകൊണ്ടാണ് ദക്ഷിണേശ്വരിലെ കാളീക്ഷേത്രത്തെ തന്റെ സാധനക്ക് തെരഞ്ഞെടുത്തതെന്നതിനെ കുറിച്ച് നിരവധി സിദ്ധാന്തങ്ങളും, നിഗമനങ്ങളും, അനുമാനങ്ങളും നിലവിലുള്ളപ്പോൾ, തന്റെ സന്യാസിസഹോദരന്മാരിലൊരാൾ വശം ഒരാൾ നൽകിയ പരാതിക്ക് മറുപടിയായി സ്വാമിജി അയച്ച കത്തിൽ നിന്നും നമുക്ക് കൃത്യമായ ഉത്തരം ലഭിക്കുന്നു. ദക്ഷിണേശ്വരിലെ കാളീ ഉദ്യാനത്തിൽ ശ്രീരാമകൃഷ്ണന്റെ ജന്മവാർഷികം ആഘോഷിച്ചപ്പോൾ, നിരവധി താഴ്ന്ന ജാതിക്കാർ, വേശ്യകൾ, സംശയകരമായ സ്വഭാവഗുണമുള്ളവർ എല്ലാം ആഘോഷത്തിൽ പങ്കെടുത്തിരുന്നു. നിരവധി 'മാന്യന്മാർ' ഇത്തരക്കാരുടെ സാന്നിധ്യത്തെ കുറ്റമായി കണക്കാക്കുകയും സ്വാമിജിയുടെ സഹോദരസന്യാസിവശം പരാതി നൽകുകയും ചെയ്തു. സ്വാമിജി അപ്പോൾ സ്വിറ്റ്സർലന്റിലായിരുന്നു. പരാതി ഇതായിരുന്നു. കുലീനരല്ലാത്തവരെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല. സ്വാമിജി ഈ പരാതിയെ കുറിച്ച് കേട്ടപ്പോൾ, ഒരു കത്തിലൂടെ ശക്തമായി എതിർക്കുകയുണ്ടായി. ശ്രീരാമകൃഷ്ണൻ 'കുലീനർ'ക്ക് വേണ്ടി വന്നതല്ല. കുലീനരായ ആരും ഇത്തരം ആഘോഷങ്ങളിൽ പങ്കെടുത്തില്ലെങ്കിൽ, അങ്ങനെയാകട്ടെ! സ്വാമിജി പറയുകയുണ്ടായി കൂടുതൽ കൂടുതൽ കള്ളന്മാരെയും കൊള്ളക്കാരെയും വേശ്യകളെയും സമൂഹം തിരസ്കരിച്ചവരെയും ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കുക. എന്തുകൊണ്ടെന്നാൽ ശ്രീരാമകൃഷ്ണൻ വന്നത് നിസ്വർക്കും അജ്ഞർക്കും ദുഷ്ടർക്കും വേണ്ടിയാണ്. ഇത്തരം ആളുകൾ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ, അവർ വരാതിരിക്കട്ടെ എന്നും സ്വാമിജി പറയുകയുണ്ടായി. ശ്രീരാമകൃഷ്ണൻ എന്തുകൊണ്ടാണ് തന്റെ ആത്മീയ പരിശീലനങ്ങൾക്കായി ദക്ഷിണേശ്വരത്തെ തെരഞ്ഞെടുത്തതെന്നതിനുള്ള ഉത്തരം സ്വാമിജിയുടെ ഈ കത്തിൽ അടങ്ങിയിട്ടുണ്ട്.

ശ്രീരാമകൃഷ്ണന്റെ വലിയ നേട്ടം അദ്ദേഹത്തെ കുറിച്ചുള്ള എല്ലാ ചരിത്രവിവരങ്ങളുമുണ്ടെന്നുള്ളതാണ്. ചൈതന്യമഹാപ്രഭു തുടങ്ങിയ അവതാരങ്ങളെ പോലെ അല്ല, അവരെ കുറിച്ചൊന്നും നമുക്ക് ചരിത്രവസ്തുതകളില്ല. ശ്രീരാമകൃഷ്ണൻ തന്ത്രം, വൈഷ്ണവമാർഗം, വേദാന്തം, ഇസ്ലാം, ക്രിസ്തുമതം തുടങ്ങിയവ പരിശീലിക്കുകയും ഈ മാർഗ്ഗങ്ങളുടെയെല്ലാം അന്തിമമായ ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കുകയും ചെയ്തു. അദ്ദേഹം എല്ലാ തന്ത്രമാർഗ്ഗങ്ങളും പരിശീലിച്ചിരുന്നു. കലിയുഗത്തിന്റെ മാർഗമായി അതിനെ പ്രമാണപ്പെടുത്തി. അദ്ദേഹം പറയുന്നു, കലിയുഗത്തിൽ നമ്മുടെ ശരീരം ഭക്ഷണത്തെ ആശ്രയിച്ചാണിരിക്കുന്നത്, അത് നമ്മുടെ കാമനകളെ ആശ്രയിച്ചാണിരിക്കുന്നത്. മാത്രമല്ല നമ്മുടെ കാമനകളാണ് നമ്മുടെ നിത്യജീവിതത്തെ ചലിപ്പിക്കുന്നത്. അതിനാൽ എങ്ങനെ കാമനകളെ നിയന്ത്രിക്കണമെന്നും, എങ്ങനെ തിരിച്ചുവിടാമെന്നും അറിഞ്ഞിരുന്നാൽ മാത്രമേ നമ്മുടെ ജീവിതലക്ഷ്യമായ ഈശ്വരസാക്ഷാത്കാരം നേടാൻ സാധിക്കുകയുള്ളൂ. കാമനകളെ യഥാർത്ഥത്തിൽ തിരിച്ചുവിടാൻ ശ്രീരാമകൃഷ്ണൻ നമുക്ക് കാണിച്ചുതന്നിരിക്കുന്ന വഴിയാണ് തന്ത്രം. തന്ത്രത്തെ കുറിച്ച് അസംഖ്യം ആഴമുള്ള പഠനങ്ങളുണ്ട്. എന്നിട്ടും അത് വേണ്ടത്ര മനസ്സിലാക്കപ്പെടാതിരിക്കുന്നു. തന്ത്രം മാനവകാമനകളുടെ സ്വീകാര്യതയും കാളി ആരാധനയടക്കമുള്ള വിവിധ ആത്മീയ പരിശീലനങ്ങളായിട്ടുള്ള രൂപാന്തരീകരണങ്ങളും ആണ്.

*(അടുത്ത ലക്കത്തിൽ തുടരും)*

ഫലഹാരിണി കാളീപൂജ (തുടർച്ച)



# ഭയാനകതയുടെ ദൈവീകവത്ക്കരണം

**സ്വാമി നരസിംഹാനന്ദ,** *പത്രാധിപർ, പ്രബുദ്ധഭാരത ഇംഗ്ലീഷ് മാസിക*

**ശ്രീരാമകൃഷ്ണൻ ശരിക്കും തന്റെ കാളീപൂജയെ പൂർത്തീകരിച്ചത് തന്റെയെല്ലാ ആത്മീയസാധനകളുടെയും ഫലത്തെ ശ്രീ ശാരദാദേവിക്കു സമർപ്പിച്ച് അവരുടെ ദൈവീകതയെ സ്ഥാപിച്ചുകൊണ്ടാണ്. ആദ്ധ്യാത്മിക പ്രവൃത്തി താൻ അധികം ചെയ്തിട്ടില്ലെന്നും ശ്രീ ശാരദാദേവിക്ക് കൂടുതൽ ചെയ്യാനുണ്ടെന്നും ശ്രീരാമകൃഷ്ണൻ പറഞ്ഞു.**



ഭയാനകതയുടെ മൂർത്തിയാണ് കാളി. ദൈവീകസിദ്ധാന്തത്തിൽ പാശ്ചാത്യവും പൗരസ്ത്യവുമായ മനോകല്പനകൾക്ക് നിർണ്ണായകമായ വ്യത്യാസമുണ്ട്. പാശ്ചാത്യർ, പൊതുവെ, ഭയാനകമായതിനെ അവിശുദ്ധം, പൈശാചികം അഥവാ ദൈവീകമല്ലാത്തത് ആയിട്ടാണ് പരിഗണിക്കുന്നത്. പൊതുവായി, പാശ്ചാത്യവിശ്വാസസങ്കല്പങ്ങളിൽ ഒരു പാമ്പിനെ വിശുദ്ധമായി കണക്കാക്കുന്നില്ല. എന്തായാലും തന്നെ ഭയാനകരൂപമാണെങ്കിൽ അതിനെ അവിശുദ്ധമായാണ് കണക്കാക്കുന്നത്. പാശ്ചാത്യർ പൊതുവായി മരണത്തെ ദൈവീകമായി കാണുന്നില്ല. ജൂത, അബ്രഹാമിക്, ഇസ്ലാമിക പാരമ്പര്യങ്ങളിൽ, മരണത്തെ പൊതുവായി കാണുന്നത് ഇരുണ്ടതും പൈശാചികവുമായ ഒന്നായിട്ടാണ്.

കാളീപൂജക്ക് അത്തരം ആരാധന പ്രബലമായ സ്ഥലങ്ങളിൽ ശക്തമായ സാമൂഹ്യ-സാംസ്കാരിക സ്വാധീനമുണ്ട്. ഇന്ത്യയിൽ, കാളീപൂജ പ്രധാനമായും കിഴക്കൻ സ്ഥലങ്ങളിലും കേരളത്തിന്റെ ചില പ്രദേശങ്ങളിലുമാണുള്ളത്. കൂടാതെ ഈ സ്ഥലങ്ങളിൽ, സമൂഹത്തിൽ മാതൃദായക്രമവും കാണാം. ഭൂരിഭാഗം സ്ഥലങ്ങളിലും പിതൃദായക്രമത്തിലേക്ക് മാറിയിട്ടുപോലും ഇന്ന് കാളീപൂജ സമൂഹത്തിലെ സ്ത്രീയുടെ പദവിയെ സ്വാധീനിച്ചു. അല്ലെങ്കിൽ സ്ത്രൈണ ഔന്നത്യത്തിനാൽ കാളീപൂജ പ്രചരിച്ചു എന്നും പറയാം.

### ശ്രീരാമകൃഷ്ണന്റെ കാളീപൂജയുടെ പൂർത്തീകരണം

ശ്രീരാമകൃഷ്ണൻ ശരിക്കും തന്റെ കാളീപൂജയെ പൂർത്തീകരിച്ചത് തന്റെയെല്ലാ ആത്മീയസാധനകളുടെയും ഫലത്തെ ശ്രീ ശാരദാദേവിക്കു സമർപ്പിച്ച് അവരുടെ ദൈവീ

കതയെ സ്ഥാപിച്ചുകൊണ്ടാണ്. ആദ്ധ്യാത്മിക പ്രവൃത്തി താൻ അധികം ചെയ്തിട്ടില്ലെന്നും ശ്രീ ശാരദാദേവിക്ക് കൂടുതൽ ചെയ്യാനുണ്ടെന്നും ശ്രീരാമകൃഷ്ണൻ പറഞ്ഞു. അങ്ങനെയാണ് ശ്രീ ശാരദാദേവി എണ്ണമറ്റ ആളുകൾക്ക് ആത്മജ്ഞാനം പകർന്നുകൊടുത്തത്. ശ്രീരാമകൃഷ്ണന്റെ ശിഷ്യർ വിരലിലെണ്ണാവുന്നവരായിരുന്നെങ്കിൽ ശ്രീ ശാരദാദേവിയുടെ ശിഷ്യരുടെ കാര്യത്തിൽ സങ്കല്പിക്കാനാവുന്നതായിരുന്നില്ല. അങ്ങനെ തന്റെ സഹധർമ്മിണിക്ക് ഉന്നതസ്ഥാനം നൽകിക്കൊണ്ട് ശ്രീരാമകൃഷ്ണൻ ആദ്ധ്യാത്മികചരിത്രത്തിൽ ഒരു വിപ്ലവം കൊണ്ടുവന്നു.

തന്ത്രത്തിന്റെ പേരിൽ നടക്കുന്ന വളരെ അറപ്പുളവാക്കുന്ന കാര്യങ്ങളെല്ലാം ബുദ്ധമതാചാരങ്ങളുടെ തീർത്തും തെറ്റായ രൂപങ്ങളായിരുന്നുവെന്ന് സ്വാമിജി പറയുകയുണ്ടായി. ശ്രീരാമകൃഷ്ണൻ പറയുന്നത്, ഒരു വീടിന്റെ വിവിധ വാതിലുകളെ പോലെ, ചിലത് മുൻവശത്തുനിന്നും ചിലത് പുറകുവശത്തു നിന്നും, ഈശ്വരനിലേക്ക് വ്യത്യസ്തമായ വഴികൾ. ചില വഴികൾ, ചില താന്ത്രികവിഭാഗങ്ങൾ പോലെ, ഈശ്വരനിലേക്കുള്ള പിൻവാതിൽ പ്രവേശനങ്ങളാണ്. അദ്ദേഹം അവയെ പിൻവാതിൽ പ്രവേശനങ്ങളെന്നു പറയുന്നതിന് കാരണം അവ ശരീരത്തിനും ഇന്ദ്രിയാനന്ദങ്ങളിൽ മുഴുകുന്നതിനും കൂടുതൽ പ്രാധാന്യം നൽകുന്നുവെന്നതാണ്. ബുദ്ധമതത്തിൽ നിരവധി ദേവതമാരുണ്ട്, അവയിൽ മിക്കതും ഹിന്ദുമതത്തിലെ ദേവതമാർക്ക് സദൃശ്യമാണ്; അവയിൽ വജ്രയോഗിനിയെ പോലുള്ള ചിലത് കാളിക്ക് സമാനമാണ്.

രാമപ്രസാദിനെയും കമലാകാന്തനെയും പോലുള്ള കാളീഭക്തർക്ക് കാളിയുമായി ഗാഢമായ ബന്ധമാണുണ്ടായിരുന്നത്. അവർ രചിച്ച ഗാനങ്ങൾ ഇത് വ്യക്തമാക്കുന്നു. ഈ ഗാനങ്ങളുടെ വരികൾ കാളിയെ കുറിച്ച് അറിയാത്ത നിരവധി ആസ്തികരാൽ വേദവിരുദ്ധമെന്ന് ഗണിക്കപ്പെടുന്നു. ഭക്തന്റെ ഭക്തിയും അതിന്റെ പ്രകടനവും പ്രശാന്തതയും അശ്ലീലതയും തമ്മിലുള്ള അതിർത്തികൾ കവിഞ്ഞുപോകുന്നു. ദേവതയുടെ വിശദാംശവിവരങ്ങളും കുത്തുവാക്ക്, അധിക്ഷേപങ്ങൾ, ചീത്തവിളി, വഴക്കുപറയൽ, പേരുവിളിക്കൽ, പരുക്കനും നീചവുമായ ഭാഷ പറയൽ എന്നിവയിലൂടെയുള്ള ഗാഢമായ പരസ്പരവിനിമയങ്ങളും- ഇവയെല്ലാം കാണിച്ചുതരുന്നത് പാർശ്വവത്ക്കരിക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട് മുഖ്യധാരയുടെ നിയമങ്ങളെയും പ്രശ്നങ്ങളെയും കാളീപൂജ വെല്ലുവിളിക്കുന്നുവെന്നാണ്. ഈ ഗാനങ്ങളിൽ മിക്കതും, 'കാളീകീർത്തനം' എന്ന് വിളിക്കപ്പെടുന്നവ, ഹിന്ദുസ്ഥാനി ക്ലാസിക്കൽ സംഗീതത്തിലെ ദ്രുപദ് രീതിയിൽ ചിട്ടപ്പെടുത്തപ്പെട്ടവയാണ്. ഈ രീതി സ്വാമിജിക്ക് വലിയ ഇഷ്ടമായിരുന്നു. മാത്രമല്ല, അത് എല്ലാ സ്വരങ്ങളെയും താളത്തെയും സൃഷ്ടിച്ചുകൊണ്ട് ഭക്തൻ ആ ഗാനം ആദ്യമായി പാടിയപ്പോളുണ്ടാകുന്ന അതേ വികാരത്തിലേക്ക് കൊണ്ടുപോയി അതിന്റെ ഉള്ളിലേക്ക് നിങ്ങളെ ആഴ്ത്തുന്നു. ഈ ഗാനങ്ങളിൽ ശിവനെപോലും ശകാരിക്കുന്നുണ്ട്. ഈ തരത്തിലുള്ള ഗാഢത പ്രാവർത്തികമാക്കാൻ വളരെ പ്രയാസമാണ്. അതിനാൽ, കാളീ ആരാധനക്ക് രണ്ടു പ്രധാന വശങ്ങളുണ്ട്: ഒന്ന് പ്രപഞ്ചത്തിന്റെ എല്ലാത്തിലും ഭയങ്കരിയായ അവളെ അറിയുകയും അതേസമയം അവളുമായി ഗാഢമായൊരു ബന്ധം ഉണ്ടാക്കുകയും. അവൾ പ്രപഞ്ചത്തിന്റെ മാതാവാണ്, അവളാണ് ഏക ദേവത- ഇതെല്ലാം അറിയുന്ന ഒരാൾക്ക് അവളെ ചീത്തവിളിക്കാം, ഭ്രാന്തിയാക്കാം, കുടിയത്തിയാക്കാം എന്നിങ്ങനെ വിചാരിക്കുന്നതെന്തും പറയാം. അവളെയും അവളുടെ ഭർത്താവിനെയും ചീത്തവിളിക്കാം. ഇതെല്ലാം കാളീഭക്തരുടെ അവകാശങ്ങളാണ്.

**രാമപ്രസാദിനെയും കമലാകാന്തനെയും പോലുള്ള കാളീഭക്തർക്ക് കാളിയുമായി ഗാഢമായ ബന്ധമാണുണ്ടായിരുന്നത്. അവർ രചിച്ച ഗാനങ്ങൾ ഇത് വ്യക്തമാക്കുന്നു.**



**വെറുപ്പിനപ്പുറം**

നാം ചർച്ചചെയ്യുന്ന ശ്രീരാമകൃഷ്ണന്റെ ആത്മീയസാധനകൾക്ക് ചില യുക്തിപരമായ വശങ്ങളുണ്ട്. എന്നാൽ അവയുടെ സാരം ഗ്രഹിക്കുന്നതിൽ നം പരാജയപ്പെട്ടിരിക്കുന്നു, അതുകൊണ്ട് അവ അനുകരിക്കുന്നതിലും. തന്റെ ആത്മീയസാധനയുടെ ഭാഗമായി ശ്രീരാമകൃഷ്ണൻ ഒരാളുടെ കക്കൂസിലേക്ക് പോവുകയും തന്റെ മുടികൊണ്ട് വൃത്തിയാക്കുകയും ചെയ്യുകയുണ്ടായി. അന്നത്തെ കക്കൂസുകൾ തികച്ചും വൃത്തിയായ, ഒരാൾക്ക് കിടന്നുറങ്ങാൻ കഴിയുന്ന, എന്തെങ്കിലും മാലിന്യങ്ങൾ കണ്ടുപിടിക്കാൻ കഴിയാത്ത ഇന്നത്തെ

ആധുനിക കക്കൂസുകളെ പോലെയുള്ളവയായിരുന്നില്ലെന്ന് ഓർമ്മിക്കേണ്ടതുണ്ട്. അക്കാലത്തെ ശുചിമുറികൾ, പ്രത്യേകിച്ച് ഇന്ത്യയിലെ നിശ്ചിത കാലങ്ങളിൽ കാലിയാക്കുന്ന മാലിന്യങ്ങൾ നിറച്ച വലിയ പാത്രങ്ങൾ ഘടിപ്പിച്ച വൃത്തികെട്ട അഴുക്കുസ്ഥലങ്ങളായിരുന്നു. ദുർഗന്ധം കൊണ്ട് ഒരാൾക്ക് ഇതിന്റെ അടുത്തു പോകാൻ കഴിയുമായിരുന്നില്ല. അടുത്തകാലം വരെ, അത്തരം ശൗചാലയങ്ങൾ ഇന്ത്യയുടെ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായിരുന്നു. അങ്ങനെയുള്ളൊരു സ്ഥലത്തേക്കാണ് ശ്രീരാമകൃഷ്ണൻ പോകുന്നതും തന്റെ മുടികൊണ്ട് അത് വൃത്തിയാക്കുന്നതും. ഇന്ന് ഭൂരിഭാഗം പേരും അടുക്കളയിലെ സിങ്കിൽ വെള്ളം കെട്ടിനിൽക്കുന്നത് പോലും വൃത്തിയാക്കാത്തവരാണ്. അതിനാൽ, നമുക്ക് പലർക്കും ശ്രീരാമകൃഷ്ണൻ ചെയ്തത് മനസ്സിലാവില്ല. ശ്രീരാമകൃഷ്ണന്റെ ജീവിതത്തിലെ ഈ സംഭവം നാം വായിക്കുമ്പോൾ, അതിന്റെ സമഗ്രമായ പ്രസക്തിയും ഫലവും നാം മനസ്സിലാക്കുന്നില്ല. ഒരാൾക്ക് അദ്ഭുതകരമായ ജുഗുപ്സ തോന്നും ശ്രീരാമകൃഷ്ണൻ ചെയ്തതിനോട്. ഭൂരിഭാഗം പേർക്കും ഒരു പല്ലിയെ കാണുന്നതുപോലും തങ്ങളുടെ അറപ്പിന്റെ ക്ഷമ നഷ്ടപ്പെടുത്തുന്നതാണ്. ശ്രീരാമകൃഷ്ണൻ വെറുപ്പിനെ പരിവർത്തിപ്പിക്കുകയായിരുന്നില്ല; അദ്ദേഹം അത് ഉൾക്കൊള്ളുകയും കക്കൂസ് വൃത്തിയാക്കുകയും ചെയ്തു.

**കാളീപൂജയും തന്ത്രവും വെറുപ്പിനെ ഉൾക്കൊള്ളാൻ നമ്മോട് ആവശ്യപ്പെടുന്നു. ശ്രീരാമകൃഷ്ണന് തന്റെ ചുണ്ടുകൊണ്ട് അഴുകിയ മനുഷ്യമാംസം തൊടേണ്ടിവന്നിട്ടുണ്ട്, താന്ത്രികസാധനകാലത്ത്. വെറുപ്പിനെ നീക്കം ചെയ്യുന്നതിനായി അദ്ദേഹത്തിന് അത്തരം നിരവധി കാര്യങ്ങൾ ചെയ്യേണ്ടതായി വന്നിട്ടുണ്ട്.**

കാളീപൂജയും തന്ത്രവും വെറുപ്പിനെ ഉൾക്കൊള്ളാൻ നമ്മോട് ആവശ്യപ്പെടുന്നു. ശ്രീരാമകൃഷ്ണന് തന്റെ ചുണ്ടുകൊണ്ട് അഴുകിയ മനുഷ്യമാംസം തൊടേണ്ടിവന്നിട്ടുണ്ട്, താന്ത്രികസാധനാകാലത്ത്. വെറുപ്പിനെ നീക്കം ചെയ്യുന്നതിനായി അദ്ദേഹത്തിന് അത്തരം നിരവധി കാര്യങ്ങൾ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. താന്ത്രികസാധനയിൽ ഇത് അവിഭാജ്യഘടകമാണ് കാരണം ദൈവീകതയിൽ വിഭാഗീയത ഇല്ലാത്തതും ദൈവീകമല്ലാത്ത യാതൊന്നും ഇല്ലാത്തതുമാകുന്നു. ദൈവീകസത്ത സുഖത്തിലും മാലിന്യത്തിലും നിലകൊള്ളുന്നു. അതിന് സ്ഥലം, സമയം, കാര്യകാരണബന്ധങ്ങളുടെയൊന്നും പരിമിതിയില്ല. മാലിന്യവും വെറുപ്പും വരെ ബ്രഹ്മത്തെ കുറിച്ചുള്ള തെറ്റായ അറിവാണ്. അതിന്റെ അന്തസ്സത്തയിൽ, അത് ബ്രഹ്മത്തിൽ നിന്നും ഭിന്നമല്ല. ഈ വീക്ഷണത്തിൽ കാളീപൂജയെന്നത് സർവാന്തര്യാമിയായ ദൈവീകതത്ത്വത്തിന്റെ പൂജയാണ്.

എന്നാൽ നാം എങ്ങനെയാണ് കാളിയെ ആരാധിക്കുന്നത്? അവൾക്ക് നാം ചന്ദനത്തിരി കത്തിക്കുന്നു, പൂക്കൾ അർച്ചിക്കുന്നു, നാം ആഗ്രഹിക്കുന്നതുപോലെ അവളെ അലങ്കരിക്കുകയും നമ്മുടെ ഇടുങ്ങിയ സൗന്ദര്യബോധത്തിന്റെയും സ്ത്രൈണതയുടെയും പ്രമാണങ്ങളിലേക്ക് പരിമിതപ്പെടുത്തുകയും ചെയ്യുന്നു. കാളിയെ ഇങ്ങനെയല്ല ആരാധിക്കേണ്ടത്. അവളെ ആരാധിക്കുവാൻ, നാം ഭയത്തെ ആരാധിക്കണം, അവളെ വനത്തിൽ ആരാധിക്കണം. അവളെ ശ്മശാനത്തിൽ ആരാധിക്കണം, അവളെ പ്രേതാലയങ്ങളിൽ ആരാധിക്കണം, അവളെ ആശുപത്രികളിൽ ആരാധിക്കണം. ഇതൊക്കെയാണ് കാളിയുടെ ആരാധനാലയങ്ങൾ. അവൾ നാശത്തിന്റെയും മരണത്തിന്റെയും മൂർത്തീഭാവമാണ്. പക്ഷെ നാം



*കാളീഘട്ട്*

അവളെ ആരാധിക്കുമ്പോൾ ഇതൊന്നും ഓർമ്മിക്കുന്നില്ല. നമ്മിൽ ഭൂരിഭാഗം പേരും മരണഭയമുള്ളവരാണ്. ഒരാൾ ഒരുവന്റെ ആസന്നമായ മരണം അടുത്തുവെന്നതിനെ കുറിച്ച് സംഭാഷണത്തിനിടയിൽ പരാമർശിക്കുന്നതു പോലും ഉൾക്കൊള്ളാനാവാതെ, ആ വ്യക്തിയുടെ ചുറ്റുമുള്ളവർ പരിഭ്രാന്തിയോടെ മരണത്തെ കുറിച്ചുള്ള പരാമർശം ഒഴിവാക്കാൻ ശ്രമിക്കുന്നു. ഈ ക്ഷണികമായ ലോകത്തെ കുറിച്ചും നമ്മുടെ ജീവിതത്തിൽ മരണം മാത്രമാണ് നിശ്ചയമായിട്ടുള്ളതെന്നുമുള്ള പ്രസ്താവനയിൽ മുഴുകിയിരിക്കുകയാണ് നാം. എന്നിട്ടും തദനുസൃതമായി പ്രവർത്തിക്കുന്നില്ല. യുധിഷ്ഠിരൻ പറയുകയുണ്ടായി ലോകത്തിലെ ഏറ്റവും വലിയ അദ്ഭുതം എല്ലാവരും തങ്ങൾക്കു ചുറ്റും ആളുകൾ നിത്യേന മരണമടയുന്നതു കണ്ടിട്ടും തങ്ങൾ മരണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടവരാണെന്ന് വിശ്വസിക്കുന്നുവെന്നതാണ്. മരണത്തെ കുറിച്ചുള്ള ചെറിയ സൂചന പോലും നമ്മെ ഭയപ്പെടുത്തുന്നു. ഈയൊരു മാനസികാവസ്ഥയോടെ നമുക്കെങ്ങനെ മരണത്തെ ആരാധിക്കാനാവും, മരണത്തെ നമുക്കെങ്ങനെ ആഘോഷിക്കുവാനാവും?

മരണത്തെ കാളിയുടെ രൂപമായി കാണുവാൻ കഴിയും. മരണത്തെ വിവിധ സമൂഹങ്ങൾ വ്യത്യസ്തമായ രീതിയിലാണ് ഉൾക്കൊള്ളുന്നത്. സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളെന്ന് വിളിക്കപ്പെടുന്നവരിൽ ചിലർ ഒരു വ്യക്തിയുടെ മരണത്തെ വലിയ ആഘോഷമാക്കി മാറ്റുന്നു. നൃത്തം, സംഗീതം, വാദ്യം, മദ്യപാനം ഒക്കെ ഒരാൾ മരിച്ചാൽ നടത്തുന്നു. മരിച്ചവനു ചുറ്റും ആളുകൾ താളവാദ്യങ്ങളോടെ മദ്യപിച്ച് വലിയ ഘോഷയാത്ര നടത്തുന്നു. ഇത് മരണത്തിന്റെ ആഘോഷമാണ്. ചില ബുദ്ധമതക്കാർ ഒരു വ്യക്തിയുടെ ശവസംസ്കാരത്തെ ധ്യാനിക്കുന്നു. മൃതദേഹം സംസ്കരിക്കുന്നതിന്റെ വിവിധ ഘട്ടങ്ങളെ അവർ ധ്യാനിക്കുന്നു– കത്തിക്കൽ, തലയോട്ടിയുടെ പൊട്ടിത്തെറി എന്നിവ. ഈ രീതിയിൽ അവർ ശരീരത്തിന്റെ ക്ഷണികതയെ കുറിച്ചുള്ള തങ്ങളുടെ അറിവിനെ ശക്തിപ്പെടുത്തുകയാണ്. തന്ത്രത്തിൽ, മൃതദേഹത്തിലിരുന്നുകൊണ്ടുള്ള ആത്മീയസാധനയുണ്ട്. അതിനെ ശവസാധനയെന്നു പറയുന്നു. ഇതിന്നും ചില താന്ത്രികന്മാർ ചെയ്യുന്നുണ്ട്.

**ഭയാനകതയുടെ സൗന്ദര്യം**

തന്ത്രം ഭയാനകതയിൽ നന്മയെയും സൗന്ദര്യത്തെയും കാണുന്നു. ഒരു വ്യക്തി ചീത്തയാവുന്നത് പ്രത്യേക സാഹചര്യങ്ങൾ കൊണ്ടാണ്. സ്വാമിജി പറയുന്നു, എല്ലാവരും ദൈവീകശക്തി



**കാളീപൂജ ഭയാനകതയുടെ ആരാധനയാണ്. എന്തുകൊണ്ട് ഈ ആരാധന ക്ഷേത്രങ്ങളിൽ മാത്രം ചെയ്യുന്നു? മരണത്തിന്റെയും ഭയാനകതയുടെയും യഥാർത്ഥ ആരാധന സർവാന്തര്യാമിയുടെ ആരാധനയായിരിക്കണം. ഒരാൾ ഒരു മദ്യപാനിയെ, വഞ്ചകനെ, അഥവാ ഒരു കുറ്റവാളിയെ കാണുമ്പോൾ എന്തുകൊണ്ടാണ് അവനെ ആരാധിക്കാത്തത്? അവർ സർവാന്തര്യാമിയായ ദൈവീകബോധസത്തയിൽ നിന്നും ഭിന്നമാണോ?**

യുള്ളവരാണ്. നല്ലതോ ചീത്തയോ ആയ ഗുണങ്ങൾ ഒരുവന്റെ യഥാർത്ഥ സ്വഭാവത്തിനു മേൽ മൂടുന്നുവെന്നേയുള്ളൂ. ഒരു നല്ല വസ്ത്രം വാങ്ങുന്നതിനുള്ള സമ്പത്തുള്ളതുകൊണ്ട് ഒരാൾ നല്ലവനാകുന്നില്ല. ഒരുവന് ആദരണീയമായൊരു കുടുംബത്തിൽ ജനിക്കുന്നതിനും നല്ല വിദ്യാഭ്യാസം ലഭിക്കുന്നതിനും യോഗമുണ്ടായിരിക്കാം. പക്ഷെ, ആ വ്യക്തി തന്റെ കർമ്മങ്ങൾ കൊണ്ടു മാത്രമാണ് നല്ലവനായിത്തീരുന്നത്. സ്വാമിജി പറയുന്നത് ഒരുവൻ നല്ല കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുമ്പോൾ, ആ വ്യക്തിക്ക് നല്ല ഫലങ്ങൾ മാത്രം വരുന്നു. ഒരു വ്യക്തി ചീത്ത കാര്യങ്ങളാണ് ചെയ്യുന്നതെങ്കിൽ, ആ വ്യക്തിയെ ചീത്ത കാര്യങ്ങൾ മാത്രം ആകർഷിക്കുന്നു. ഒരു വ്യക്തി നല്ലവനും മെച്ചപ്പെട്ടവനും ആയിത്തീരുന്നു, മറ്റൊരാൾ ചീത്തയും കൂടുതൽ ചീത്തയും ആയിത്തീരുന്നു.

കാളീപൂജ ഭയാനകതയുടെ ആരാധനയാണ്. എന്തുകൊണ്ട് ഈ ആരാധന ക്ഷേത്രങ്ങളിൽ മാത്രം ചെയ്യുന്നു? മരണത്തിന്റെയും ഭയാനകതയുടെയും യഥാർത്ഥ ആരാധന സർവാന്തര്യാമിയായിട്ടുള്ളതിന്റെ ആരാധനയായിരിക്കണം. ഒരാൾ ഒരു മദ്യപാനിയെ, വഞ്ചകനെ, അഥവാ ഒരു കുറ്റവാളിയെ കാണുമ്പോൾ എന്തുകൊണ്ടാണ് അവനെ ആരാധിക്കാത്തത്? അവർ സർവാന്തര്യാമിയായ ദൈവീകബോധസത്തയിൽ നിന്നും ഭിന്നമാണോ? എന്നാൽ നാം അവരെ ആരാധിക്കുന്നില്ല. പകരം അവരെ വെറുക്കുന്നു. ജനങ്ങൾ തങ്ങളുടെ താത്പര്യത്തിനനുസരിച്ച് മറ്റുള്ളവർ വസ്ത്രധാരണം നടത്തണമെന്ന് പ്രതീക്ഷിക്കുന്നു. നമ്മൾ സൗന്ദര്യത്തെയും മാന്യതയെയും കുറിച്ച് സങ്കല്പങ്ങൾ ഉണ്ടാക്കിവെച്ചിട്ടുണ്ട്. ലോകത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളിലും, മനോഹരമായി പരിഗണിക്കപ്പെടുന്നത്, വെളുത്ത തൊലിയാണ്. സൗന്ദര്യത്തെ കുറിച്ചുള്ള ഈ നിർബന്ധബുദ്ധി പൂർണ്ണമായും അന്യായമാണ്. കാളീപൂജ എല്ലായിടത്തും സൗന്ദര്യം കാണുവാൻ നമ്മെ പ്രാപ്തമാക്കുന്നു, പരമ്പരാഗതമായ ഭീകരമായ, വൃത്തികെട്ട, അറപ്പുളവാക്കുന്ന കാര്യങ്ങളിൽ പോലും.

നമ്മൾ സാധാരണയായി വൃത്തികെട്ട ആശയങ്ങളെ തിന്മയായിട്ടാണ് കാണുന്നത്. ഒരു വ്യക്തി കാണാൻ ഭംഗിയില്ലെങ്കിൽ ജനങ്ങൾ ആ വ്യക്തിയുടെ സ്വഭാവത്തെ ചോദ്യം ചെയ്യുന്നു. ഒരു വ്യക്തി നല്ല വസ്ത്രം ധരിച്ചിട്ടില്ലെങ്കിൽ, ആ വ്യക്തിയെ സമീപിക്കുന്നതിൽ ജനങ്ങൾ അസ്വസ്ഥരായിരിക്കും. ബാഹ്യമായതാണ് എപ്പോഴും ആന്തരീകമായതിന്റെ നിർണ്ണായകതാക്കോലായി പരിഗണിക്കപ്പെടുന്നത്.

എന്നാൽ ഇത് സത്യമാണോ? ആ വിശ്വാസത്തിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽപോലും, അറപ്പുളവാക്കുന്ന ബാഹ്യത ഈശ്വരനിൽ നിന്നും ഭിന്നമല്ല. മനോഹരമായ ബാഹ്യത മനോഹരമായ ആന്തരീകത്തിന്റെ സൂചനയല്ലെന്ന് യുക്തിയും അനുഭവവും വ്യക്തമാക്കുന്നു. മാത്രമല്ല, ഒരു വ്യക്തിയുടെ വസ്ത്രം, പ്രത്യേകിച്ച് ഒരു സ്ത്രീയുടെ, പരമ്പരാഗത സങ്കല്പങ്ങൾക്കനുസൃതമല്ലെങ്കിൽ, ആ സ്ത്രീ പരിഹസിക്കപ്പെടുകയും അവരുടെ സ്വഭാവം തന്നെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇതാണ് ഭൂരിഭാഗം പേരുടെയും പ്രകൃതം. അവിടെയാണ് കാളീപൂജയും രൂപവും കൂടുതൽ പ്രസക്തമായിത്തീരുന്നത്. കാളിയുടെ രൂപം അതിന്റെ ബാഹ്യമായ ശരീരത്തെ വെളിച്ചപ്പെടുത്തുകയും അതിന്റെ ദൈവീകതയെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് കാളി നഗ്നയായിരിക്കുന്നത്– അവൾ വസ്ത്രധാരണത്തിന്റെ പ്രാധാന്യം കുറയ്ക്കുന്നു. സ്ത്രീയുടെ ഭൗതികശരീരം, അത് പൊതുവെ മായയുടെ പ്രലോഭനവുമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്, അതിന്റെ വശ്യമായ ശക്തിയെ കാളീരൂപത്തിൽ ചാർത്തിയിരിക്കുകയാണ്. അവൾ സ്ത്രീശരീരത്തെ ഭാര്യയിൽ നിന്നും മാതാവിലേക്ക് രൂപാന്തരപ്പെടുത്തുന്നു. ഏതൊരു സ്ത്രീയിലും ജഗദംബയെ കാണുകയെന്നത് ഒരു പുരുഷന്റെ വളരെ പ്രധാനപ്പെട്ട ആത്മീയസാധനയാണ്. അതുകൊണ്ട്, വ്യക്തി വസ്ത്രം ധരിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് വിഷയമാകുന്നില്ല. കാളീ ആരാധകൻ സ്ത്രൈണതയിൽ പ്രലോഭനത്തെയല്ല കാണുന്നത്, എല്ലാ രൂപങ്ങളിലുമുള്ള ദൈവീകതയെ മാത്രമാണ്.

പരമ്പരാഗത സൗന്ദര്യസങ്കല്പങ്ങൾക്കനുസരിച്ച് 'പൂർണ്ണമായ' ദൃഷ്ടിയോടെ നിർമ്മിച്ച പ്രതിമകളിലാണ് കാളീപൂജ നടക്കുന്നത്. പകരം കൂടുതലും പരുഷമായ പ്രതിമകളെ ആരാധിക്കണം: തടിച്ച, വൃത്തികെട്ട, ആനുപാതികമല്ലാത്ത. കാരണം, അത് ഭയാനകതയുടെ ആരാധനയാണ്.

വാർഷിക കാളീ ആരാധനാകേന്ദ്രങ്ങൾക്കു ചുറ്റുമുള്ള പന്തലുകളിൽ കാണുന്ന നിരവധി പുരുഷവാർപ്പു മാതൃകകളും സ്ത്രീവിരുദ്ധതകളും സ്ത്രീവിരുദ്ധ ഉപഭോഗപ്രവണതകൾ തഴച്ചുവളരുന്നതാണ് കാണിക്കുന്നത്. സ്ത്രീരൂപം അപമാനിക്കപ്പെടുന്നു, ഉപഭോഗതയുടെ ഒരു സ്രോതസ്സായിത്തീരുന്നു. മാത്രമല്ല, ശിവന്റെ മേൽ നിൽക്കുന്ന കാളിയുടെ ഭാവത്തെ അവഗണിക്കുകയും ചെയ്യുന്നു– പൗരുഷത്തിന്റെ മേലുള്ള സ്ത്രീത്വത്തിന്റെ ഔന്നത്യത്തെ. കാളീ ആരാധനയുമായി ബന്ധപ്പെട്ട ഇന്ത്യയിലെ ചില സ്ഥലങ്ങളിൽ ഭൂരിഭാഗം ഇടത്തും സ്ത്രീകൾക്ക് ഉയർന്ന സാമൂഹ്യപദവിയുണ്ട്. കാളീ ആരാധന ഇന്ന് പരക്കെയില്ല. കാളിയുടെ രൂപമാണ് നാം ആരാധിക്കേണ്ടത്. അവൾ സ്ത്രീശാക്തീകരണത്തിന്റെ സാരാംശം മാത്രമല്ല. അതുകൊണ്ടാണ് ശ്രീരാമകൃഷ്ണൻ തന്റെ ആത്മീയതപസ്സിന്റെ ഫലമെല്ലാം ശ്രീ ശാരദാദേവിയുടെ പാദങ്ങളിൽ ഫലഹാരിണി കാളി പൂജാദിനത്തിൽ സമർപ്പിച്ചത്. ആ സ്ത്രീശാക്തീകരണത്തെ ഇന്നത്തെ സമൂഹത്തിൽ ശ്രീ ശാരദാദേവിയെ കേന്ദ്രമാക്കി നടപ്പിലാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതുകൊണ്ടാണ് അവരുടെ പേരിൽ ശാരദാമഠവും രാമകൃഷ്ണശാരദാമിഷനും സ്ഥാപിതമായത്. പൂർണ്ണമായും സ്ത്രീകളാൽ, സന്യാസിനിമാരുടെ സ്വന്തം നിയന്ത്രണത്തിലുള്ള ലോകത്തിലെ തന്നെ ആദ്യത്തെ ആശ്രമപ്രസ്ഥാനമായി ഇത് കരുതപ്പെടുന്നു.

പൊതുവെ, ലോകമെങ്ങും, ലോകമതങ്ങൾക്കിടയിൽ, സന്യാസിമാരാണ് സമൂഹത്തിലെ ഉന്നതവിഭാഗമെന്ന് കരുതപ്പെടുന്നത്– ഒരു രാജാവു പോലും സന്യാസിയുടെ മുമ്പിൽ കുമ്പിട്ടുവണങ്ങാറുണ്ട്. സാധാരണയായി സ്ത്രീകൾ ഗൃഹഭരണം നടത്തുകയും, കുഞ്ഞുങ്ങളെ പ്രസവിക്കുകയും, അവരെ നന്നായി വളർത്തി വലുതാക്കുകയും ചെയ്യുന്നു. വേറെയാർക്കും അത് ചെയ്യാനാവില്ല. അതുകൊണ്ടാണ് ജഗദംബ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതും ശിവന്റെ നെഞ്ചിൽ നിൽക്കുന്നതും. മാത്രമല്ല, നാം കാളിയെ കുറിച്ച് എപ്പോഴെല്ലാം ചിന്തിക്കുന്നുവോ, ഭയാനകതയെ കുറിച്ച് ചിന്തിക്കണം. ഭക്ഷണം, വസ്ത്രം, താമസം, വിദ്യാഭ്യാസം, മാന്യമായ ജീവിതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ആളുകളെ കുറിച്ച് ചിന്തിക്കണം. അത്തരം ആളുകളെ ആരാധിക്കുകയെന്നതാണ് യഥാർത്ഥത്തിലുള്ള കാളി ആരാധന.

ഈശ്വരനെ മനുഷ്യനായി കണ്ട് ആരാധിക്കുകയെന്ന മനോഹരമായ സങ്കല്പത്തെ ശ്രീരാമകൃഷ്ണൻ നടപ്പിലാക്കി. ഒരാൾക്ക് ജീവിക്കുന്നവരെ കാളിയായി കണ്ട് ആരാധിക്കുവാൻ കഴിയു





**ഭയാനകതയെ, വൃത്തികെട്ടതിനെ, മരണത്തെ, നാശത്തെ സ്വീകരിക്കുന്നതിൽ ഏകാഗ്രരായിരിക്കുകയെന്നതാണ് ഫലഹാരിണി പൂജകൊണ്ട് അർത്ഥമാക്കുന്നത്. ഏതു സമയവും നാം കാളിയെ കാണുമ്പോൾ, നാം ഈ കാര്യങ്ങൾ ഓർക്കുകയും, സ്ത്രീദേവതയായ കാളിയെ സൗന്ദര്യത്തിന്റെയും സ്ത്രൈണചാരുതയുടെയും പരമ്പരാഗത സങ്കല്പങ്ങൾക്കനുസരിച്ചുള്ള സ്ത്രീദേവതയുടെ രൂപത്തിലേക്ക് പരിവർത്തനപ്പെടുത്താതിരിക്കാൻ ശ്രമിക്കുകയും വേണം.**

മെന്നാണ് ഇത് അർത്ഥമാക്കുന്നത്. അപ്പോൾ, ഒരുവൻ ഭയാനകതയിൽ നിന്നും അറപ്പുളവാക്കുന്നതിൽ നിന്നും ഒളിച്ചോടുകയില്ലെന്നു മാത്രമല്ല, ദുരിതമനുഭവിക്കുന്നവരെ സേവിക്കുകയും ചെയ്യും. ഒരു തീർത്ഥാടനകേന്ദ്രത്തിനടുത്തുള്ള രാമകൃഷ്ണമിഷന്റെ ആശുപത്രിയിൽ ഉണ്ടായ സംഭവം ഞാനോർമ്മിക്കുന്നു. ജനങ്ങൾക്ക് ഈ ആശുപത്രിയിൽ വലിയ വിശ്വാസമാണ്. വഴിയിലെവിടെയെങ്കിലും അനാഥരോഗിയെ കണ്ടാൽ അവരിവിടെ കൊണ്ടുവന്ന് ആശുപത്രിയധികൃതരെ ഏൽപ്പിക്കുക പതിവാണ്. ചിലപ്പോൾ ആശുപത്രിയിലെ ഉദ്യോഗസ്ഥർ വരാൻ പോലും കാത്തുനിൽക്കാറില്ല അവർ. ആശുപത്രിയുടെ മുന്നിൽ രോഗിയെ കൊണ്ടുവന്നാക്കി സ്ഥലം വിടും. അതാണ് ഈ ആശുപത്രിയിലുള്ള ആളുകളുടെ വിശ്വാസം. ഒരുദിവസം ആരോ വഴിയരികിൽ കിടക്കുകയായിരുന്ന ഒരു സന്യാസിയെ ആശുപത്രിയിലേക്ക് കൊണ്ടുവന്നു. ഈ സന്യാസിക്ക് നിരവധി രോഗങ്ങളുണ്ടായിരുന്നു. ഇതിൽ പ്രധാനം ശിരസ്സിലെ മുറിവായിരുന്നു. ഈ മുറിവ് വലുതായിക്കൊണ്ടിരുന്നു. ദിവസങ്ങളോളം മരുന്നുകളൊന്നും ഉപയോഗിക്കാതിരുന്നതിനാൽ മുറിവിൽ പുഴുവരിക്കാൻ തുടങ്ങിയിരുന്നു. കുറേക്കാലമായി വൃത്തിഹീനമായ സ്ഥലത്ത് കിടന്നതുകൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും വസ്ത്രങ്ങളിൽ നിന്നും ദുർഗന്ധം വമിച്ചിരുന്നതിനാൽ ഇരുപത്തഞ്ചടി ദൂരെ പോലും ആർക്കും അടുക്കാനാവുമായിരുന്നില്ല. രാമകൃഷ്ണമിഷൻ ആശുപത്രിയിലേക്ക് സന്യാസിയെ കൊണ്ടുവന്നപ്പോൾ, നേഴ്സ് അദ്ദേഹത്തെ തുറസ്സായൊരു പുൽമേടിലേക്ക് കൊണ്ടുപോയി വലിയൊരു ബഞ്ചിൽ കിടത്തി. നേഴ്സ്, ശസ്ത്രക്രിയാ ഉപകരണങ്ങൾ കൊണ്ട് ഓരോ പുഴുവിനെയും എടുത്തുമാറ്റുവാൻ തുടങ്ങി, ബോധക്ഷയമുണ്ടാക്കുന്ന ഭീകരമായ ദുർഗന്ധം ശ്വസിച്ചുകൊണ്ട്. പുഴുക്കളെയെല്ലാം എടുത്തുമാറ്റുന്നതുവരെ മണിക്കൂറുകളോളം അവർ ഇത് തുടർന്നു. പിന്നെ മുറിവിൽ മരുന്നുവെച്ചുകെട്ടി, രോഗിയെ ആശുപത്രിയുടെ അകത്തേക്ക് കൊണ്ടുപോയി. ഏറെ നേരം കുളിപ്പിച്ച് വൃത്തിയാക്കുകയും ചെയ്തു. പുതിയ വസ്ത്രങ്ങൾ ധരിപ്പിച്ച് ആശുപത്രിയിലെ കിടക്കയിൽ കിടത്തി. അത് ഭയാനകതയുടെ ആരാധനയാണ്. ഒരാൾക്ക് ഇത്തരം സേവനങ്ങൾ ചെയ്യാനാവുമെങ്കിൽ, അവന് കാളിയെ ആരാധിക്കാവുന്നതാണ്. പൂജ നടത്തി പ്രസാദം വിതരണം ചെയ്യുന്ന സാമ്പ്രദായിക കാളീപൂജ ചെയ്യാൻ വളരെ എളുപ്പമാണ്. ഇന്ന് നമുക്ക് വളരെ വ്യത്യസ്തമായ കാളീപൂജയാണ് ആവശ്യം; ഈ ലോകത്തിൽ ഒന്നുംതന്നെ ഭയാനകമായി ഇല്ലെന്നും എല്ലാം ദൈവീകമാണെന്നും ഉള്ള സത്യത്തെ ഉൾക്കൊള്ളാൻ സഹായിക്കുന്ന ഒരു ആരാധന.

മനോഹാരിതയോടൊപ്പം തന്നെ ജുഗുപ്സയും നമുക്കാവശ്യമാണ്. പലപ്പോഴും നാം ഭയത്തെയോ ജുഗുപ്സയെയോ ഒഴിവാക്കുന്നു. എന്നാൽ ഒരാൾ തമാശപടങ്ങളും ഭീകരചിത്രങ്ങൾ ആസ്വദിക്കുന്നതുപോലെ, നമുക്ക് ഭയാനകതയെയും മനോഹാരിതയെയും സ്വീകരിക്കേണ്ടതുണ്ട്. ഇത് നമ്മെ കരുത്തരാക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം, നമുക്കിന്നാവശ്യം 'കാളിയും ചട്ണിയും' ആണെന്ന സിസ്റ്റർ നിവേദിതയുടെ അർദ്ധപരിഹാസത്തോടെയുള്ള പ്രസ്താവനയെ ഓർമ്മിക്കുവാൻ. പ്രത്യക്ഷത്തിൽ, ഇതൊരു നിരുപദ്രവകരമായ പ്രസ്താവനയാണെങ്കിലും ചിന്തനീയമാണ്. ഒരാൾക്ക് അതിൽ ആഴമുള്ള അർത്ഥം കണ്ടെത്താനാവും. കാളി ജുഗുപ്സയുടെ മൂർത്തീകരണവും ചട്ണി ഒരു സ്വാദിഷ്ഠമായ കറിക്കൂട്ടുമാണ്. ശരിയായ ദൈവീകരണത്തിന്റെയും മാർഗ്ഗത്തിന്റെയും ചട്ണിയിലൂടെ അപ്രിയമായ കാളിയെ വേഗത്തിൽ ഉൾക്കൊള്ളുവാനും സാംശീകരിക്കുവാനും കഴിയുന്നതാണ്.

സനാതനധർമ്മഗ്രന്ഥങ്ങളിൽ ജഗദംബയെയും ദൈവീകസ്ത്രൈണതയുടെ ആരാധനയെയും കുറിച്ചുള്ള പരാമർശങ്ങളും സമൃദ്ധമായി കാണാം. എന്നാൽ ഇന്ത്യയിൽ, പറയാനാവാത്തവിധം കുറ്റകൃത്യങ്ങളും അക്രമങ്ങളും സ്ത്രീകൾക്കു നേരെ നാം കാണുന്നു. സാമ്പ്രദായികതലത്തിൽ 'സുന്ദരി'യായ സ്ത്രീയുടെയും സുന്ദരിയല്ലാത്ത സ്ത്രീയുടെയും ജീവിതം വേദനാപൂർണ്ണമാണ്. എല്ലാ സ്ത്രീകളും സുന്ദരിമാരായിരിക്കണമെന്നുള്ള ജനങ്ങളുടെ ആഗ്രഹവും സുന്ദരിയായ ഒരുവളുടെ ജീവിതം ദുരിതപൂർണ്ണമാവുന്നതും വിരോധാഭാസമാണ്. അതുകൊണ്ട്, സൗന്ദര്യത്തെയും സ്ത്രൈണചാരുതയെയും കുറിച്ചുള്ള നമ്മുടെ ധാരണ പൂർണ്ണമായും തിരുത്തപ്പെടേണ്ടതുണ്ട്. ഈ പ്രപഞ്ചത്തിലെ എല്ലാം തന്നെ സുന്ദരവും ദിവ്യവുമാണ്. അശ്ലീലത്തെ കുറിച്ചുള്ള സങ്കല്പം പോലും പുരുഷവീക്ഷണത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. എന്താണ് അശ്ലീലമെന്ന് 'ആൺനോട്ട'മാണ് തീരുമാനിക്കുന്നത്. 'അനുയോജ്യമല്ലാത്ത' സ്ത്രീചരായാചിത്രം മാത്രമാണ് അശ്ലീലമാകുന്നത്. എന്നാൽ ഇത്തരമൊരു ആൺചിത്രം അങ്ങനെയാകുന്നില്ല. ആൺമനസ്സിനെ അസ്വസ്ഥമാക്കുന്നതെന്തോ അത് അശ്ലീലവും സ്ത്രീഭാവുകത്വത്തെ അസ്വസ്ഥപ്പെടുത്തുന്നത് അവഗണിക്കപ്പെടുകയും

ചെയ്യുന്നു. ഇത്തരം ഇടുങ്ങിയ നിർമ്മിതികളെ നാം മാറ്റിയെടുത്തില്ലെങ്കിൽ, നാം കാളീമാതാവിന്റെ ആരാധനക്ക് അർഹരാകുന്നില്ല.

സ്ത്രീ എന്ത് ധരിക്കണമെന്നതിനെ കുറിച്ച് വേണ്ടത്ര ഒച്ചപ്പാടുണ്ടായിട്ടുണ്ട്. ജഗദംബയുടെ യഥാർത്ഥ ആരാധകരാണ് നാമെങ്കിൽ, ഒരു സ്ത്രീരൂപം വസ്ത്രമുടുത്തിട്ടുണ്ടോ ഇല്ലയോ എന്നത് വിഷയമാകാൻ പാടില്ല. കാരണം ഒരു കാളീഭക്തൻ പുരുഷമോ സ്ത്രൈണമോ ആയ എല്ലാ രൂപങ്ങളിലും, കാളിയെ മാത്രമേ കാണുന്നുള്ളൂ. ഒരുവശത്ത് സ്ത്രൈണ ദൈവീകതയെ ആരാധിക്കുകയും മറുവശത്ത് സ്ത്രീകളെ ഇകഴ്ത്തിക്കാട്ടുകയും അടിച്ചമർത്തുകയും ചെയ്യുന്നത് കാപട്യത്തിന്റെ വലുപ്പമാണ് കാണിക്കുന്നത്. 'ഉചിത'മോ 'അനുചിത'മോ ആയ വസ്ത്രങ്ങളില്ല; ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായ വസ്ത്രം അജ്ഞതയുടെയും മിഥ്യാഭ്രമത്തിന്റെയും വസ്ത്രം മാത്രമാണ്.

കാളീ ആരാധകരെന്ന നിലയിൽ, നാം ഭയാനകതയെ ആരാധിക്കണം. ഭയാനകതയെ സ്വീകരിക്കണം, ഭയാനകതയെ ആശ്ലേഷിക്കണം. സ്ത്രീരൂപത്തെയും സ്ത്രീയെന്ന വ്യക്തിയെയും നാം ആരാധിക്കണം. ഒരു പ്രതീകരൂപത്തിൽ മാത്രമായി സ്ത്രൈണ ദൈവീകതയെ ആരാധിക്കുന്നതിൽ പരിമിതപ്പെടുത്തരുത്, സ്ത്രീകളെ നാം ആരാധിക്കണം. സ്ത്രീകളെ ഉന്നതമായി പരിഗണിക്കാത്ത ഒരു രാജ്യം നശിച്ചുപോകുമെന്ന് സ്വാമിജി എപ്പോഴും പറയാറുണ്ട്. അവസാനമായി, നാം സ്ത്രീകളെ ആരാധിക്കുക മാത്രമല്ല പുരുഷന്റെ മേൽ അവൾക്കുള്ള ഔന്നത്യം അംഗീകരിക്കുകയും വേണം. സമൂഹത്തിൽ, സ്ത്രീയും പുരുഷനും ഒരു രഥത്തിന്റെ ചക്രങ്ങൾ പോലെ ആകണം; ഒന്ന് മറ്റൊന്നിന് പൂരകമായി. എന്തായാലും, സ്ത്രീയും പുരുഷനും തുല്യരാണെന്നല്ല അർത്ഥമാക്കുന്നത്, അവരങ്ങനെയല്ല. സ്ത്രീകൾക്ക് കുറച്ചുകൂടി വലിയ പദവി ഉണ്ടെന്ന് മാത്രമല്ല പുരുഷന്മാരേക്കാൾ പ്രധാനപ്പെട്ട കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് കാളി ശിവന്റെ നെഞ്ചിൽ നിൽക്കുന്നത്. ഒരു പുരുഷനും ഒരു ശിശുവിന് ജന്മം നൽകിയിട്ടില്ല; അത് ജീവശാസ്ത്രപരമായി അസാധ്യമാണ്. പ്രകൃതി പുരുഷനേക്കാൾ കൂടുതൽ ഉത്തരവാദിത്തമാണ് സ്ത്രീക്ക് നൽകിയിരിക്കുന്നത്. നാം സ്ത്രീയെ ആരാധിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ, തുല്യർക്കിടയിലെ ഉന്നതരെന്ന നിലയിൽ, നാം ഭയാനകതയെ ആശ്ലേഷിക്കുമ്പോൾ, നാം കാളിയെ ആരാധിക്കുകയാണ് ചെയ്യുന്നത്.

**ഫലഹാരിണി കാളി നമ്മുടെ കർമ്മങ്ങളെയെല്ലാം എടുത്തുകളയുന്നുവെങ്കിലും, അവളുടെ കർമ്മം വർദ്ധിപ്പിക്കാതിരിക്കാൻ നാം ജാഗ്രതയും സൂക്ഷ്മതയും പുലർത്തേണ്ടതുണ്ട്. നമ്മുടെ നല്ലതും ചീത്തയുമായ വാസനകൾ വർദ്ധിക്കാതിരിക്കാൻ നാം ബോധവാന്മാരായിരിക്കേണ്ടതുണ്ട്. തിന്മയെ ഉപേക്ഷിക്കാൻ വളരെ എളുപ്പമാണെങ്കിലും നന്മയെ ഉപേക്ഷിക്കാൻ എളുപ്പമല്ല.**



ഫലഹാരിണി കാളി നമ്മുടെ കർമ്മങ്ങളെയെല്ലാം എടുത്തുകളയുന്നുവെങ്കിലും, അവളുടെ കർമ്മം വർദ്ധിപ്പിക്കാതിരിക്കാൻ നാം ജാഗ്രതയും സൂക്ഷ്മതയും പുലർത്തേണ്ടതുണ്ട്. നമ്മുടെ നല്ലതും ചീത്തയുമായ വാസനകൾ വർദ്ധിക്കാതിരിക്കാൻ നാം ബോധവാന്മാരായിരിക്കണം. തിന്മയെ ഉപേക്ഷിക്കാൻ വളരെ എളുപ്പമാണെങ്കിലും നന്മയെ ഉപേക്ഷിക്കാൻ എളുപ്പമല്ല. ശ്രീരാമകൃഷ്ണൻ അത് ചെയ്തു. അദ്ദേഹം താൻ ചെയ്ത നന്മയെയും തിന്മയെയും ഉപേക്ഷിച്ചു. അദ്ദേഹം തന്നോടൊപ്പമുള്ള സത്യത്തെ മാത്രം മുറുകെപ്പിടിച്ചു. അദ്ദേഹം സത്തയെ മുറുകെപ്പിടിക്കുകയും അതിന്റെ മേലുള്ള കല്പനയെയെല്ലാം ഉപേക്ഷിക്കുകയും ചെയ്തു. അതിനാൽ, കാളിയുടെ ആരാധകരെന്ന നിലയിൽ, നമ്മുടെ ചീത്തയും നല്ലതുമായ കർമ്മഫലങ്ങളെല്ലാം ഉപേക്ഷിക്കേണ്ടത് ആവശ്യമാണ്. ഭയാനകതയെ, വൃത്തികെട്ടതിനെ, മരണത്തെ, നാശത്തെ സ്വീകരിക്കുന്നതിൽ ഏകാഗ്രരായിരിക്കുകയെന്നതാണ് ഫലഹാരിണി പൂജകൊണ്ട് അർത്ഥമാക്കുന്നത്. ഏതു സമയവും നാം കാളിയെ കാണുമ്പോൾ, നാം ഈ കാര്യങ്ങൾ ഓർക്കുകയും, സ്ത്രീദേവതയായ കാളിയെ സൗന്ദര്യത്തിന്റെയും സ്ത്രൈണചാരുതയുടെയും പരമ്പരാഗത സങ്കല്പങ്ങൾക്കനുസരിച്ചുള്ള സ്ത്രീദേവതയുടെ രൂപത്തിലേക്ക് പരിവർത്തനപ്പെടുത്താതിരിക്കാൻ ശ്രമിക്കുകയും വേണം. ■